# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുമണ്ണ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P1 /2159/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 29/11/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുമണ്ണ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P1 /2159/22 തീയ്യതി: 29/11/2022

## കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രത്നസിംഗ് കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 25-10-2022 | 31-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-10-2022 | 31-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ കെ.പി ഹരി, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീമതി ഷൈന എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശീമതി ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ദേവാനന്ദ്.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി ലത ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അശ്വതി.ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഷാജി പുത്തലത്ത് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി രാധിക എൻ.ആർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജിഷ സി.ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി ദിവ്യ എ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ ശ്യാദാസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ: സ്മിതമോൾ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ: രേഖ. ആർ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ: ഷെറിൻ.ടി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ: റുമൈസ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി ശോഭന.കെ | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി സിംലി.സി | വില്ലേജ് എക്സ്റ്റേൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി ജിജി ഗോവിന്ദ്.പി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി തങ്കമണി.കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ഒരേ വ്യക്തിക്ക് രണ്ട് പദ്ധതികളിലും വേതനം നൽകിയതിനാൽ അധിക ചെലവ് | 1-9 |
| 12 | കൃഷിഭവൻ നവീകരണം - പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിയ്ക്കുള്ള പെയിംന്റിംഗ് ഇനം -അധിക ചെലവ് | 1-10 |
| 13 | ക്രാഡിൽ പദ്ധതി - പദ്ധതി നടത്തിപ്പിലെ അപാകത | 1-11 |
| 14 | എം.ബുക്ക് - സ്റ്റോക്ക് പരിപാലിക്കുന്നതിലെ അപാകത | 1-12 |
| 15 | പഞ്ചായത്ത് ഹാളിലേക്ക് കസേര വാങ്ങൽ പദ്ധതി ടെണ്ടർ നടപടികളിലെ അപാകതകൾ-അധിക ചെലവിനിടയാക്കി | 1-13 |
| 16 | എസ്.സി വിദ്യാർഥികൾക്ക് ഫർണിച്ചർ പദ്ധതി-ഗുണനിലവാരം കുറഞ്ഞ ഫർണിച്ചർ സപ്ലൈ ചെയ്തു | 1-14 |
| 17 | വാഹനം വാടകയ്ക്ക് - ഒരു വർഷത്തെ മുഴുവൻ ആവശ്യകത കണക്കാക്കാതെ ഒന്നിലധികം പദ്ധതികൾ രൂപീകരിക്കുന്നു | 1-15 |
| 18 | വിപൽക്കരമായ മാലിന്യങ്ങൾ സംസ്കരണ സ്ഥലത്തേയ്ക്ക് കോണ്ടുപോകൽ - പദ്ധതി തുകനൽകിയതിലെ അപാകതകൾ | 1-16 |
| 19 | കമ്പ്യൂട്ടറുകൾക്കും യു.പി.എസിനും എ.എം.സി വെയ്ക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-17 |
| 20 | പദ്ധതി രൂപീകരണ നിർവ്വഹണത്തിലെ അപാകതകൾ | 1-18 |
| 21 | പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ | 1-19 |
| 22 | അഗതി രഹിത കേരളം -ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയില്ല | 1-20 |
| 23 | പാലിന് സബ്സിഡി നൽകൽ - ഗുണഭോക്താക്കൾക്ക് സബ്സിഡി | 1-21 |

| | | |
|---|---|---|
| | നൽകുന്നതിൽ കുറവ് | |
| 24 | ലൈഫ് ഭവന പദ്ധതി ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച് | 1-22 |
| 25 | വാങ്ങൽ നടപടി സുതാര്യമല്ല | 1-23 |
| 26 | എഫ്.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ - ഫയലിൽ കൃത്യതയില്ല. | 1-24 |
| 27 | കന്നുകുട്ടിപരിപാലനം പദ്ധതി - പദ്ധതി പൂർണ്ണമല്ല | 1-25 |
| 28 | പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല | 1-26 |
| 29 | മഴക്കാലപൂർവ്വമുന്നൊരുക്കം - പദ്ധതി ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-27 |
| 30 | ഹോമിയോ മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല. | 1-28 |
| 31 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിനിയോഗവിവരം ലഭ്യമല്ല | 1-29 |
| 32 | സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല – സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്. | 1-30 |
| 33 | തനതുഫണ്ടിൽ നിന്നും നിശ്ചിത പരിധിയിൽ കൂടുതൽ പണം പിൻവലിച്ചതിന് ബാങ്ക് ചാർജ് ഈടാക്കി. | 1-31 |
| 34 | ഇ-ടെണ്ടർ ഫീ തുക - പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചു കിട്ടിയില്ല | 1-32 |
| 35 | തെറ്റായി ഗ്രാമപഞ്ചായത്ത് അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ട തുകകൾ നാളിതു വരെ തിരിച്ചടച്ചില്ല | 1-33 |
| 36 | മാലിന്യ നിർമ്മാർജന  പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഒരേ വ്യക്തിക്ക് രണ്ട് പദ്ധതികളിലും വേതനം നൽകിയതിനാൽ അധിക ചെലവ് | 3-1 |
| 2 | കൃഷിഭവൻ നവീകരണം - പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിയ്ക്കുള്ള പെയിംന്റിംഗ് ഇനം -അധിക ചെലവ് | 3-2 |
| 3 | പഞ്ചായത്ത് ഹാളിലേക്ക് കസേര വാങ്ങൽ പദ്ധതി ടെണ്ടർ നടപടികളിലെ അപാകതകൾ-അധിക ചെലവിനിടയാക്കി | 3-3 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 17.02.2021ലെ 28/2021 നമ്പർ തീരുമാനപ്രകാരവും, പുതുക്കിയ ബജറ്റ് 24.03.2022ലെ 54/2022 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 6265082 |
| വരവ് | 236017415 |
| ആകെ | 242282497 |
| ചെലവ് | 238359500 |
| നീക്കിയിരിപ്പ് | 3922997 |

ഗ്രാമപഞ്ചായത്തിന്റെ ജീവനക്കാര്യ ചെലവുകൾക്ക് പുതുക്കിയ ബജറ്റിൽ വകയിരുത്തിയതിനേക്കാൾ തുക ചെലവഴിച്ചതായി കാണുന്നു. ബജറ്റിൽ പ്രൊവിഷൻ ഇല്ലാതിരിക്കെ ഇത് സാധ്യമായതെങ്ങനെയെന്ന് വ്യക്തമല്ല. ആദ്യ ബജറ്റ് പുതുക്കിയ സമയം ഇക്കാര്യങ്ങളൊന്നും പരിഗണിച്ചിരുന്നില്ലെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

| ഇനം | ആദ്യ ബജറ്റ് | പുതുക്കിയ ബജറ്റ് | വാർഷികകണക്ക് |
|---|---|---|---|
| 210 – ജീവനക്കാര്യ ചെലവ് | 13885000 | 15923322 | 16833195 |

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2021-2022 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല. ബജറ്റ് രൂപീകരണത്തിലുണ്ടായ മേൽ അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 10.05.2022 (എയിംസിൽ ഓൺലൈൻ ആയി സമർപ്പിച്ചു) |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1) 2020-21 ലെ ബാലൻസ് ഷീറ്റ് പ്രകാരം ബി.9 ഷെഡ്യൂൾ പ്രകാരം അടവാക്കുവാൻ ശേഷിക്കുന്ന ലൈബ്രറി സെസ് തുക 2,50,551 രൂപയാണ്. പ്രസ്തുത തുകയോട് 2021-22 ലെ ആർ.പി 36 പ്രകാരമുള്ള കലക്ഷൻ തുകയായ 2,76,031 രൂപ കൂട്ടി തൻ വർഷം ആർ.പി 36 പ്രകാരം അടവാക്കിയ തുകയായ 2,50,551 രൂപ കുറച്ചാൽ 2021-22 ലെ ബാലൻസ് ഷീറ്റ് ബി.9 ഷെഡ്യൂളിലെ അടവാക്കുവാൻ ശേഷിക്കുന്ന ലൈബ്രറി സെസ് തുകയായ 2,79,218 രൂപയ്ക്ക് പകരം 2,76,031 രൂപയാണ് ലഭിക്കുന്നത്.

2) വാർഷിക കണക്ക് പ്രകാരം എം.പി ഫണ്ട് അക്കൌണ്ടിന്റെ 2021-22 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് 45,443/- രൂപയാണെങ്കിലും ഇതിനായി സൂക്ഷിച്ച എ.സി.ആറിൽ 42,454/- രൂപ എന്നാണ് കാണിച്ചിട്ടുള്ളത്

3) ഓഡിറ്റ് വർഷം വേക്കൻസി റമിഷൻ ഇനത്തിൽ 97,591/- രൂപ നികുതിയിളവ് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക സംബന്ധിച്ച വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകളുമായി ബന്ധപ്പെട്ട് ഇ-ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് വരവ് വന്നിട്ടില്ല.

5) വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്, പ്രധാനപ്പെട്ട അക്കൌണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾക്കൊള്ളിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/2021-22 തീയതി 31.10.2022) ലഭിച്ച മറുപടിയിൽ ലൈബ്രറി സെസ്സ് ഇനത്തിൽ വന്ന വത്യാസം മുൻ വർഷത്തിലെ അഡ്വാൻസ് തുക തൻ വർഷത്തിലേക്ക് അഡ്ജസ്റ്റ് ചെയ്തപ്പോൾ ഉണ്ടായതാണ് എന്ന് അറിയിച്ചിട്ടുണ്ട്. എം.പി ഫണ്ട് അക്കൌണ്ടിലെ വ്യത്യാസം പലിശ തുക രശീതി ചെയ്തപ്പോൾ വന്നതാണെന്നും, ടെണ്ടർ ഫീ തുക ലഭിക്കുന്നതിന് കത്തിടപാടുകൾ നടത്തുന്നുണ്ട് എന്നും മറ്റുള്ള അപാകതകൾ മേലിൽ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ മേലിൽ ആവർത്തിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17289846 |
| വരവ് | 89814087 |
| ആകെ | 107103933 |
| ചെലവ് | 86256004 |
| നീക്കിയിരിപ്പ് | 20847929 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16467349 | 16467349 | 16260102 | 207247 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 4597929 | 4597929 | 4593365 | 4564 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 8304000* | 8304000 | 5306928 | 2997072 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5855611 | 5855611 | 5505273 | 350338 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് (ട്രഷറി മുഖേന) [ACR പ്രകാരം] | | 0 | 1324652 | 1324652 | 1154733 | 169919 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് (PFMS മഖേന) [ACR പ്രകാരം] | | 0 | 5149000 | 5149000 | 4108058 | 1040942 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺ ടൈഡ് (ട്രഷറി മുഖേന) [ACR പ്രകാരം] | | 0 | 122238 | 122238 | 122238 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺ ടൈഡ് (PFMS മഖേന) [ACR പ്രകാരം] | | 0 | 3433000 | 3433000 | 3432534 | 466 |
| ദുരിതാശ്വാസനിധി | | 33237 | 16390 | 49627 | 6000 | 43627 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 29828422 | 29828422 | 29828422 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 21375 | 540915 | 562290 | 562286 | 4 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| അനുപൂരക പോഷകാഹാരം | | 1456927 | 1638995 | 3095922 | 2055819 | 1040103 |
| ശുചിത്വമിഷൻ | | 2937708 | 219619 | 3157327 | 1224138 | 1933189 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ബഡ്സ് സ്കൂൾ ഫണ്ട് | | 1583744 | 484050 | 2067794 | 752750 | 1315044 |
| ബി ഫണ്ട് | | | 72190700 | 72190700 | 72190700 | |

* മെയിന്റനൻസ് ഫണ്ട് (റോഡ്) ഇനത്തിൽ തൻവർഷം ലഭിച്ച 83,04,000/- രൂപയിൽ നിന്ന് 24,22,000/- രൂപ 26.02.2022ലെ ജി.ഒ(ആർ.ടി) 1345/2022/ഫിൻ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ തിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ ആയതിനനുസരിച്ച് ഗ്രാമപഞ്ചായത്ത് എ.സി.ആറിൽ മാറ്റം വരുത്തിയിട്ടില്ല.

### 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

ഐ.കെ.എം. തയ്യാറാക്കി നൽകിയ ഗ്രാന്റ് വിനിയോഗ പത്രിക പരിശോധിച്ചതിൽ വിവിധ മേഖലയിൽ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകൾ സുലേഖ ചെലവു പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടു കാണുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| മേഖല | ഫണ്ടിനം | ഗ്രാന്റ് പത്രികയിലെ തുക | ഐ.കെ.എം.ചെലവ് പത്രികയിലെ തുക |
|---|---|---|---|
| ഉത്പാദനം | വികസനഫണ്ട് ജനറൽ | 13770664 | 4605594 |
| സേവനം | വികസനഫണ്ട് ജനറൽ | 93971274 | 13879326 |
| | വികസനഫണ്ട് എസ്.സി.പി. | 21936895 | 4228655 |
| | സംരക്ഷണഗ്രാന്റ് നോൺറോഡ് | 5019296 | 2687377 |
| പശ്ചാത്തലം | വികസനഫണ്ട് എസ്.സി.പി. | 22490875 | 553980 |

വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

### 1-5 പദ്ധതി അവലോകനം

പഞ്ചായത്തിന്റെ 2021-22 വർഷത്തെ അന്തിമ പദ്ധതി രേഖപ്രകാരം ആകെ 96 പദ്ധതികളാണ് തൻവർഷത്തേയ്ക്കായി പുതുതായി തയ്യാറാക്കിയത്. പിന്നീട് വിവിധ സമയങ്ങളിലായി നടന്ന റിവിഷനുകൾക്ക് ശേഷം സ്പിൽഓവർ പദ്ധതികളുൾപ്പെടെ ആകെ 210 പദ്ധതികൾ ആവിഷ്കരിച്ചു (ഐ.കെ.എം. ചെലവു പത്രിക പ്രകാരം). 35 സ്പിൽഓവർ പദ്ധതികളാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്. ആകെ പദ്ധതികളിൽ 14 പദ്ധതികൾക്ക് തൻവർഷം ചെലവില്ല. ഇതിൽ സ്പിൽഓവർ പദ്ധതികളും ഉൾപ്പെടുന്നു. സെക്രട്ടറിയ്ക്ക് നിർവ്വഹണത്തിനുണ്ടായിരുന്ന മൂന്നു സ്പിൽഓവർ പദ്ധതികൾക്ക് ഒന്നിനും തൻവർഷവും ചെലവില്ല. ആകെ വകയിരുത്തിയ 9,38,61,556/- രൂപയിൽ 6,01,72,621/-രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ (ചെലവു ശതമാനം 64%). യഥാർത്ഥ ആവശ്യം മനസ്സിലാക്കാതെ ചെറിയ അടങ്കലിൽ പദ്ധതികൾ രൂപീകരിക്കുന്നതും, പദ്ധതികളുടെ സമയബന്ധിത നിർവ്വഹണത്തിലുണ്ടാകുന്ന പാളിച്ചകളും, ഫണ്ടുകളുടെ പൂർണ്ണതോതിലുള്ള വിനിയോഗത്തിന് തടസ്സമാകുന്നു. പദ്ധതി രൂപീകരണവും

നിർവ്വഹണവുമായി ബന്ധപ്പെട്ട് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ ഖണ്ഡിക 1-18 കണ്ടാലും.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 21375 | 540915 | 562290 | 562286 | 4 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 29828422 | 29828422 | 29828422 | 0 |
| ആകെ | 21375 | 30369337 | 30390712 | 30390708 | 4 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5064400 | 339 |
| വിധവാപെൻഷൻ | 20019000 | 1315 |
| വാർദ്ധക്യകാലപെൻഷൻ | 39228100 | 2872 |
| വികലാംഗപെൻഷൻ | 5938000 | 386 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1941200 | 131 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 360000 | 12 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.10.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20,466/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ഒരേ വ്യക്തിക്ക് രണ്ട് പദ്ധതികളിലും വേതനം നൽകിയതിനാൽ അധിക ചെലവ്

ധനകാര്യ വകുപ്പിന്റെ 28.04.2017 ലെ 56/2017 ഉത്തരവ് പ്രകാരം ദിവസവേതനം അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഡ്രൈവർക്ക് അവധി ദിവസം ഉൾപ്പെടെ ഒരു മാസത്തിലെ എല്ലാ ദിവസവും വകുപ്പ് തലവന്റെ നിർദ്ദേശാനുസരണം ഔദ്യോഗിക കൃത്യനിർവ്വഹണം വഹിക്കേണ്ടി വരികയാണെങ്കിൽ, ആ ദിവസങ്ങളിലെ അധികവേതനത്തിന് വകുപ്പ് മേധാവിയുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മാത്രം അർഹതയുണ്ടായിരിക്കും, എന്നാൽ രണ്ട് വ്യത്യസ്ത

പദ്ധതികളിൽ ഒരേ വ്യക്തിക്ക് രണ്ട് വേതനം നൽകിയതിന് കാരണം വ്യക്തമല്ല.

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ എന്ന പദ്ധതിയിൽ ദിവസ വേതനാടിസ്ഥാനത്തിൽ അംബുലൻസ് ഡ്രൈവറായി ശ്രീ.റിയാസ് പി.ടി യെ തെരഞ്ഞെടുക്കുകയും, മസ്റ്ററോളിന്റെ അടിസ്ഥാനത്തിൽ ടിയാന് വേതനം (715 രൂപ /Day) നൽകുകയും ചെയ്യുന്നുണ്ട്. എന്നാൽ മേൽ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പകർച്ച വ്യാധി നിയന്ത്രണം എന്ന പദ്ധതിയിലും ടിയാന് അതേ ദിവസങ്ങളിൽ വേതനം (700 രൂപ /Day) നൽകിയതായി കാണുന്നു. അതായത് ഒരേ ദിവസം വ്യത്യസ്ത പദ്ധതികളിൽ രണ്ട് വേതനം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | പദ്ധതിയുടെ പേര് | ദിവസ വേതനം | പദ്ധതിയുടെ പേര് | ദിവസ വേതനം |
|---|---|---|---|---|
| 16/04/21 | പാലിയേറ്റീവ് കെയർ | 715 | പകർച്ച വ്യാധി നിയന്ത്രണം | 700 |
| 30/04/21 | | 715 | | 700 |
| 2/11/21 | | 715 | | 700 |
| 6/11/21 | | 715 | | 700 |
| 10/11/21 | | 715 | | 700 |
| 17/11/21 | | 715 | | 700 |
| | | 4290/- | | 4200/- |

ഒരേ വ്യക്തിക്ക് ഒരേ ദിവസം വ്യത്യസ്ത പദ്ധതികളിൽ രണ്ട് വേതനം നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനും, മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (8/2021-22/31.10.22) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വേതനം അധികം നൽകിയതിന് സാധൂകരിക്കുന്ന രേഖകളുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പകർച്ച വ്യാധി നിയന്ത്രണം പദ്ധതിയിൽ അധികം നൽകിയ 4200/-രൂപ നിരാകരിക്കുന്നു. ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-10 കൃഷിഭവൻ നവീകരണം - പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിയ്ക്കുള്ള പെയിംന്റിംഗ് ഇനം -അധിക ചെലവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ കൃഷിഭവൻ നവീകരണം പദ്ധതിയിൽ കൃഷിഭവൻ ഗോഡൗണിന്റെ വലുപ്പം കൂട്ടലിനും, തറ ടൈലിംഗ്, മറ്റു സംരക്ഷണപ്രവൃത്തികളുമാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ നിർവ്വഹണ സമയം ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന എം.എസ്.ഗ്രിൽ, അലുമിനിയം പാർട്ടീഷൻ എന്നിവ ഇപ്പോൾ ചെയ്യേണ്ടയെന്ന് തീരുമാനിക്കുകയും പകരം ഗോഡൗണിന്റേയും, ഹാളിന്റേയും പെയിംന്റിഗ് മുഴുവനായി ചെയ്യുന്നതിന് എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്തു. എന്നാൽ നിലവിലുള്ള ഭിത്തികളുടെ പെയിംന്റിംഗ് പ്രവൃത്തിക്ക് പുതുക്കിയ എസ്റ്റിമേറ്റിൽ യഥാർത്ഥയിനം ഉൾപ്പെടുത്താതെ പുതിയ നിർമ്മിതികൾക്കു മേലുള്ള പെയിന്റിംഗ് ഇനത്തിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്തതിനാൽ അധിക തുക കരാറുകാരന് ലഭിക്കുന്ന സ്ഥിതിയുണ്ടായി.

ആദ്യ എസ്റ്റിമേറ്റിൽ പുതുതായി നിർമ്മിക്കുന്ന ചുമരുകളുടെ പെയിന്റിംഗിനായി ഐറ്റം 16 ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DARലെ 13.60.1എന്ന ഇനമാണ്. ഇത് പുതിയ നിർമ്മിതിയിൽ രണ്ടോ അതിൽ കൂടുതൽ കോട്ട് പെയിന്റ് ചെയ്യുന്നതിനുള്ളതാണ്. ഇതേയിനം ഉപയോഗപ്പെടുത്തിയാണ് പ്രോജക്ടിൽ നിലവിലുണ്ടായിരുന്ന ചുമരിൽ പെയിന്റിംഗ് നടത്തിയത്. നിലവിലുള്ള ചുമരിൽ വലിയ അളവിൽ പെയിന്റ് ഉപയോഗപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. DAR ലെ അദ്ധ്യായം 14ൽ റിപ്പയർ പ്രവൃത്തികൾക്ക് നൽകേണ്ട മേൽ പെയിന്റ് ഉപയോഗിച്ച് ചെയ്യുന്ന ഐറ്റം 14.53.1 ആണ്. താരതമേന്യ കുറഞ്ഞ നിരക്ക് വരുന്ന ഈയിനം ഉൾപ്പെടുത്താത്തതിനാൽ പഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്.

പഴയ നിർമ്മിതിയുടെ പെയിന്റിംഗിന് പുതിയ നിർമ്മിതിയുടെ ഐറ്റം നൽകി പ്രവൃത്തി നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ വിവരിച്ച വിധം തെറ്റായ ഇനം ഉൾപ്പെടുത്തിയതിനാൽ താഴെ ചേർക്കും വിധം അധിക ചെലവ് പഞ്ചായത്തിനുണ്ടായിട്ടുണ്ട്.

| ഐറ്റം 13.60.1 പ്രകാരം നൽകിയത്(കോസ്റ്റ് ഇൻഡക്സ് 31.06%) | ഐറ്റം 14.53.1 പ്രകാരം നൽകാവുന്നത് |
|---|---|
| M Book 154/20-21, Page 14<br>213.1 X110.68 =23585.908<br>(-)15.5% കുറവ് = 23585.908-3655.816=19930.092 | 213.1 X72.41 =15430.571<br>(-)15.5% കുറവ് =<br>15430.571-2391.831=13038.74 |
| അധികം നൽകിയത് = 6891.35 | |

പെയിന്റിംഗ് പ്രവൃത്തിയ്ക്ക് മേൽ വിധം അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

### 1-11 ക്രാഡിൽ പദ്ധതി - പദ്ധതി നടത്തിപ്പിലെ അപാകത

കോഴിക്കോട് ജില്ലയിലെ ഐ.സി.ഡി.എസ്.പദ്ധതിയുടെ സമഗ്രവികസനത്തിനായി ജില്ലാ ഭരണകൂടവും, വനിത ശിശുവികസന വകുപ്പും, ജില്ലാ പഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് "ദി ക്രാഡിൽ' . സ്ത്രീകളുടെയും കുട്ടികളുടെയും ശാരീരിക മാനസിക ആരോഗ്യം മെച്ചപ്പെടുത്തുക, പ്രീ സ്കൂൾ കുട്ടികളുടെ പ്രായത്തിനും വികാസത്തിനും അനുയോജ്യമായ സൗകര്യങ്ങളും സാഹചര്യങ്ങളും സൃഷ്ടിച്ചുകൊണ്ട് അങ്കണവാടികളെ മെച്ചപ്പെട്ട ശിശുവികസന കേന്ദ്രങ്ങളാക്കി മാറ്റുക, കുട്ടികളുടെ ശേഷികൾ വിലയിരുത്തുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ വികസിപ്പിക്കുക, അങ്കണവാടി സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിന് സഹായകമായ സൗകര്യങ്ങൾ വികസിപ്പിക്കുക ,ഗർഭിണികളുടെയും കൗമാരക്കാരുടെയും ശാരീരികമാനസിക അവസ്ഥ സ്വയം വിലയിരുത്തുന്നതിന് സഹായകമായ ടൂൾസ് വികസിപ്പിക്കുക ,അങ്കണവാടി പ്രവർത്തകർ, സ്കൂൾ കൗൺസിലർമാർ എന്നിവരുടെ ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2021 - 22 ൽ 2 അങ്കണവാടികൾ നവീകരിക്കുന്നതിനായി താഴെ കൊടുത്ത പ്രകാരം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | S0185/22 |
| പ്രോജക്ടിന്റെ നമ്പർ | അംഗൻവാടി നവീകരണം -ക്രാഡിൽ പദ്ധതി |
| അടങ്കൽ | 4,36,732 (314494 വികസന ഫണ്ട്-ജനറൽ + 122238 |

| | |
|---|---|
| | ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 4,36,410 (314172/-വികസന ഫണ്ട്-ജനറൽ + 122238/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ സാങ്ഷൻ നം- | 273/26/02/22 - 122238<br>274/26/02/22 - 314172 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 4,36,410/- രൂപ ഉപയോഗിച്ച് താഴെ കൊടുത്തിരിക്കുന്ന സാധനങ്ങളും/ സേവനങ്ങളും ആർട്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്.

| ക്രമ നംപർ | ഇനം | എണ്ണം |
|---|---|---|
| 1 | Wooden Multi Purpose Teaching And ART Baoard | 2 |
| 2 | Wooden Number Knob Board | 2 |
| 3 | T.Vand Pendrive | 2 |
| 4 | Painting With ART | 2 |
| 5 | Build Up Beakers | 2 |
| 6 | Hallow Table | 3 |
| 7 | Activity Hand Co-ordination Cube | 2 |
| 8 | Teacher Student Book Shelf | 2 |
| 9 | Baby Plastic Chair | 48 |
| 10 | Wooden Letter Knob Puzzle | 2 |
| 11 | Indoor ToY Bin | 2 |
| 12 | Bisephanola | 170 |
| 13 | Adjustable Basket Ball Set | 2 |
| 14 | Storage Stand | 2 |

| | | |
|---|---|---|
| 15 | Outdoor Horse | 2 |
| 16 | Multi Colours Students Study Material | 2 |
| 17 | Multi Colour Malayaalm Alphabet | 2 |
| 18 | Outdoor Trampoline Ushape | 1 |
| 19 | Multi Activity Wall Play Set | 2 |
| 20 | Child Friendly Fence | 2 |
| 21 | Outdoor Spring Tiger/ Seahorse | 2 |

പ്രോജക്ട് നടത്തിപ്പിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.ആർട്കോയിൽ നിന്നും വാങ്ങിയ സാധനങ്ങൾ സ്വന്തം നിലയിൽ നിർമ്മിച്ചതാണെന്ന് ഉറപ്പാക്കിയില്ല .

ആർട്കോയിൽ നിന്നും വാങ്ങിയ സാധനങ്ങൾ അവർ സ്വന്തം നിലയിൽ നിർമ്മിച്ചതാണെന്ന് ഉറപ്പാക്കിയാൽ മാത്രമേ ടെണ്ടർ നടപടികൾ ഒഴിവാക്കി നേരിട്ട് വാങ്ങാൻ പാടുള്ളൂ എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. അങ്കണവാടികളിലേക്ക് വാങ്ങിയ കളിക്കോപ്പുകൾ ആർട്കോ സ്വന്തം നിലയിൽ നിർമ്മിച്ചതാണോ എന്ന് വ്യക്തമല്ല. വിതരണം ചെയ്യുന്ന എല്ലാ സാധനങ്ങളും അവർ നേരിട്ട് നിർമ്മിച്ചതാണെന്നും പുറത്തുനിന്നും വാങ്ങിയതല്ലെന്നും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ആർട്കോ മാനേജിംഗ് ഡയറക്ടറിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്. കളിക്കോപ്പുകൾ നിർമ്മിക്കുന്നതിനും മേൽ പ്രവർത്തികൾ നിർവ്വഹിക്കുന്നതിനും ഈ കാലയളവിൽ സർക്കാർ അനുമതി നൽകിയ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

2.മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല .

സാധനങ്ങളുടെ വാങ്ങൽ, ഗുണനിലവാരം എന്നീ ഘടകങ്ങൾ മോണിറ്റർ ചെയ്തതിന്റെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

3.വാല്വേഷനില്ലാതെ തുക നൽകി .

2 അങ്കണവാടികൾക്ക്ചുമരിൽ ആർട് പെയിന്റിംഗ് ചെയ്തതിന് ഒന്നിന് 29800 രൂപ കണക്കാക്കി 12% ജി.എസ്.ടി ഉൾപ്പെടെ 66752 രൂപ അനുവദിച്ചിട്ടുണ്ട്. 2 അങ്കണവാടികളുടെയും ചുമരിന്റെ ഏരിയ വ്യത്യസ്തമായിരിക്കെ ഓരോന്നിനും 29800 രൂപ വീതം കണക്കാക്കിയതെങ്ങിനെയെന്ന് വ്യക്തമല്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (7/2021-22 /31.10.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-12 എം.ബുക്ക് - സ്റ്റോക്ക് പരിപാലിക്കുന്നതിലെ അപാകത

2021-22 വർഷത്തിൽ വൌച്ചർ നമ്പർ 22100981/11.02.2022 പ്രകാരം 1666655 രൂപ ചെലവഴിച്ച് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് എം.ബുക്ക് വാങ്ങിയിട്ടുണ്ട്. പഞ്ചായത്ത് ഓഫീസിലേക്ക് ആവശ്യമായ

25 പേജുള്ള 1000 എം.ബുക്കും 50 പേജുള്ള 1000 എണ്ണവും 100 പേജുള്ള 50 എണ്ണവും ഉൾപ്പടെ ആകെ 2050 എം ബുക്കുകളും ആണ് വാങ്ങിച്ചത്. രജിസ്റ്ററുകൾ വാങ്ങിയതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. സ.ഉ(സാ.ധാ)222/2021 തസ്വഭവ തീ.27.01.2021 പ്രകാരം എം.ബുക്ക് എന്നത് ഇ-മെഷർമെന്റ് ബുക്ക് ആയി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇ-എം ബുക്കിലേക്ക് മാറുന്ന സാഹചര്യത്തിൽ, സാധാ എം.ബുക്ക് ഈ ഉത്തരവിന് ശേഷം ഇത്രയധികം വാങ്ങിക്കൂട്ടിയത് എന്തിനാണെന്ന് വ്യക്തമല്ല. കൂടാതെ ആവശ്യകതയ്ക്ക് അനുസൃതമല്ലാതെയാണ് സപ്ലൈ ഓർഡർ ഗ്രാമലക്ഷ്മിക്ക് നൽകിയിട്ടുള്ളത്. 2050 എം.ബുക്കുകളാണ് 2020 ഡിസംബർ മാസം (ഇൻവോയ്സ് പ്രകാരം) ഓർഡർ ചെയ്തത്. 2020 ഡിസംബർ മാസം ലഭിച്ച ഈ എം.ബുക്കുകൾ ഓഡിറ്റ് തീയതി വരെ 433 എണ്ണം മാത്രമാണ് ഉപയോഗിച്ചത്. (സ്റ്റോക്ക് രജിസ്റ്റർ പ്രകാരം) അതായത് 2 വർഷമായിട്ടും 433 എണ്ണമാണ് ഉപയോഗിച്ചത്. ഇക്കാലയളവിൽ ഇ.എം ബുക്ക് നടപ്പിലാക്കാതെ തന്നെ വളരെ കുറവ് എം.ബുക്ക് ആണ് വിനിയോഗിച്ചത്. ശരാശരി ഒരു വർഷത്തേക്ക് 200 എം.ബുക്ക് എന്ന കണക്കിൽ 2050 എം.ബുക്ക് ഉപയോഗിച്ച് തീരാൻ 10 വർഷക്കാലമെടുക്കും. ഇതിനിടയിൽ ഇ.എം ബുക്ക് നടപ്പിലാക്കിയാൽ കാല ദൈർഘ്യം ഇനിയും കൂടും. ആവശ്യകത ഉറപ്പാക്കാതെ ഇത്ര അധികം എം.ബുക്ക് വാങ്ങി കൂട്ടിയതിന് വിശദീകരണം നൽകേണ്ടതാണ്.
2. 14.07.2020 മുതലാണ് നിലവിലെ എം.ബുക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഉള്ളത്. 14.07.2020 മുതൽ നാളിതുവരെ വിവിധ വിഭാഗങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം അനുവദിച്ച എം.ബുക്കിന്റെ എണ്ണവും, പ്രസ്തുത വിഭാഗം ഉപയോഗിക്കാതെ നിലവിൽ അവശേഷിക്കുന്നതിന്റെ എണ്ണവും താഴെ കൊടുക്കുന്നു.

| വിഭാഗം | അനുവദിച്ച എം ബുക്ക് | | | ആകെ | വിനിയോഗിക്കാത്തത് | | |
|---|---|---|---|---|---|---|---|
| | 25 പേജ് | 50 പേജ് | 100 പേജ് | | 25 പേജ് | 50 പേജ് | 100 പേജ് |
| എ.ഇ എൽ.എസ്.ജി.ഡി | 100 | 50 | 60 | 210 | | | |
| എ.ഇ, എം.ജി.എൻ.ആർ.ഇ.ജി.എസ് | 244 | 86 | 20 | 350 | 23 | 21 | 4 |
| എ.എക്സ്.ഇ പി.ഡബ്ല്യു.ഡി.ഇലക്ട്രിക്കൽ വിഭാഗം | -- | 3 | -- | 3 | ലഭ്യമല്ല. | | |

സ്റ്റോക്ക് പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന അപാകത കാണുന്നു.

1. വിവിധ വിഭാഗത്തിലേക്ക് അനുവദിക്കുന്ന എം.ബുക്കുകൾ അതാത് വിഭാഗം സ്റ്റോക്കിലെടുക്കുകയും, ആയത് ഏത് പ്രവൃത്തിയ്ക്ക് വിനിയോഗിച്ച എന്നതിന്റെ വിശദാംശവും സൂക്ഷിക്കുന്നില്ല.
2. വിവിധ വിഭാങ്ങളിലേക്ക് അനുവദിച്ച എം.ബുക്കിൽ ഉപയോഗിക്കാതെ അവശേഷിക്കുന്നവയുടെ എണ്ണം കൂടുതലാണ്. ഇതിൽ നിന്നും മേൽ വൌച്ചർ പ്രകാരം വാങ്ങിയ എം.ബുക്ക് വളരെ കൂടുതലാണെന്ന് വ്യക്തമാകുന്നു.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-13 പഞ്ചായത്ത് ഹാളിലേക്ക് കസേര വാങ്ങൽ പദ്ധതി ടെണ്ടർ നടപടികളിലെ അപാകതകൾ-അധിക ചെലവിനിടയാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പദ്ധതി - എസ്.ഒ 100/2021-22

ചെലവ് - 200000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ നമ്പർ,തിയ്യതി - 225194/21-22/26.3.22)

പഞ്ചായത്ത് ഹാളിലേക്ക് കസേരകൾ വാങ്ങുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത് . പദ്ധതി പ്രകാരം ജെം പോർട്ടലിൽ നിന്ന് ഫർണിച്ചറുകൾ വാങ്ങാൻ ആയിരുന്ന തീരുമാനം . എന്നാൽ ജെം പോർട്ടലിൽ കസേരകളുടെ ഐററം സെലക്ട് ചെയ്യാൻ സാധിക്കുന്നില്ല എന്ന കാരണത്താൽ പ്രോക്യൂർമെന്റ് കമ്മിറ്റി 17.2.22 ലെ 2/22 നമ്പർ തീരുമാന പ്രകാരം ടെണ്ടർ നടപടികളിലൂടെ ഫർണിച്ചർ വാങ്ങിക്കാമെന്ന് തീരുമാന മെടുത്തതിന്റെ അടിസ്ഥാനത്തിൽ 4.3.22 ന് ടെണ്ടർ നടപടികളിലൂടെ പദ്ധതി നടപ്പിലാക്കി. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാങ്ങേണ്ട ഫർണിച്ചറുകളുടെ സ്പെസിഫിക്കേഷൻ വ്യക്തമാക്കാതെ ടെണ്ടർ ക്ഷണിച്ചു .

24.2.22 ന് നൽകിയ ടെണ്ടർ പരസ്യം Armed Chair, Armed Chair(vip Type), Armed Chair (Big Size)Armless Chair എന്നിവ ലഭ്യമാക്കുന്നതിനായിരുന്നു . എന്നാൽ പരസ്യത്തിൽ ലഭിയ്ക്കേണ്ട കസേരകളുടെ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിരുന്നില്ല. ,ഏഷ്യൻ മാർക്കറ്റിങ്ങ് , ഫിഡ്കോ, ഹെഡ്കോ, ആസിൻ ഡിസൈൻ ആന്റ് ഇൻറീരിയർ ,റാണി മെറ്റൽസ് , ബേസിക്ക് പന്തൽ വർക്കസ് ഫറോക്ക് എന്നിങ്ങനെ 6 സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തു. ആറ് സ്ഥാപനങ്ങളും വ്യത്യസ്ത സ്പെസ്ഥിക്കേഷനിലുള്ള കസേരകൾക്കാണ് നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനങ്ങളുടെ നിരക്കുകൾ പരിശോധിക്കുന്നതിന് കംപാരറ്റീവ് സ്റ്റേറ്റ് മെന്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും വ്യത്യസ്ത തരത്തിലുള്ള സാധനങ്ങളാകയാൽ താരതമ്യപ്പെടുത്തൽ സാധ്യമല്ല. 28.2.22 (10/22 നമ്പർ ) ന ചേർന്ന പ്രോക്യൂർമെന്റ് കമ്മറ്റി സാമ്പിളുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 9.3.22 ലെ 40ാം നമ്പർ തീരുമാനപ്രകാരം ബേസിക്ക് പന്തൽ വർക്കസ് ഫറോക്ക് എന്ന സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. താരതമ്യേന മറ്റുസ്ഥാപനങ്ങൾ ക്വോട്ട് ചെയ്ത നിരക്കിനേക്കാൾ കൂടുതലാണ് ഈ സ്ഥാപനം ക്വോട്ട് ചെയ്ത നിരക്ക്. ഫലത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചതുകൊണ്ടുള്ള പ്രയോജനം പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

2.ടെണ്ടറിൽ ക്വോട്ട് ചെയ്ത നിരക്കിൽ ഫർണിച്ചറുകൾ സപ്ലൈചെയ്യാത്തിനാൽ നഷ്ടം .

ആറ് സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തതിൽ ബേസിക്ക് പന്തൽ വർക്കസ് ഫറോക്ക് എന്ന സ്ഥാപനത്തിൽ നിന്ന് കസേരകൾ വാങ്ങുന്നതിനാണ് പ്രൊക്യർമെന്റ് കമ്മറ്റി തീരുമാനിച്ചിട്ടുള്ളത്. എന്നാൽ ബേസിക്ക് പന്തൽ വർക്കസ് ഫറോക്ക് എന്ന സ്ഥാപനം 14.3.22 ലെ B2B07 നമ്പർ ഇൻവോയ്സ് പ്രകാരം സപ്ലൈ ചെയ്തിട്ടുള്ള ഫർണിച്ചറുകൾ ടെണ്ടറിൽ ക്വോട്ട് ചെയ്തിട്ടുള്ള നിരക്കിലും സ്പെസിഫിക്കേഷനിലുമുള്ളതല്ല ആയതിനാൽ ഗ്രാമ പഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്വോട്ട് ചെയ്ത ഇനം | ക്വോട്ട് ചെയ്ത വില | ബിൽ പ്രകാരം ഈടാക്കിയ തുക | അധികം നൽകിയ തുക |
|---|---|---|---|
| Arm Chair | 850 X35 =29750 | 1151X35 =40285 | 40285-29750 =10535 |
| Arm Chair VIP | 1150X 15 =17250 | 1350X15 = 20250 | 20250-17250 =3000 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 17/21-22 31.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ടെണ്ടറിൽ ക്വാട്ട് ചെയ്ത സ്പെസിഫിക്കേഷന് വ്യത്യസ്തമായും അധിക നിരക്കിലും ഫർണിച്ചർ സപ്ലൈ ചെയ്തതിനും പ്രൊക്വർമെന്റ് കമ്മിറ്റി അതംഗീകരിച്ചതിനുമുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

1-14 എസ്.സി വിദ്യാർഥികൾക്ക് ഫർണിച്ചർ പദ്ധതി-ഗുണനിലവാരം കുറഞ്ഞ ഫർണിച്ചർ സപ്ലൈ ചെയ്തു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി - എസ്.ഒ 28/2021-22

ചെലവ് - 89250

ബിൽ നമ്പർ,തിയ്യതി - 607555/21-22/5.11.2021,)

എസ്.സി വിഭാഗത്തിൽ പെട്ട വിദ്യാർഥികൾക്ക് മേശ കസേര എന്നിവ വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 8.10.21 ലെ ക്വട്ടേഷൻ സർക്കാർ അക്രഡിറ്റഡ് ഏജൻസി കളിൽ നിന്ന് ഓഫർ ക്ഷണിച്ചതിൽ 4 സ്ഥാപനങ്ങൾ പങ്കെടുത്തതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കാഡ്കോ എന്ന സ്ഥാപനത്തെ പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനം വിതരണം ചെയ്ത ഫർണിച്ചറുകൾ പരിശോധിച്ചതിൽ ഗുണം നിലവാരം കുറഞ്ഞ ഫർണിച്ചറുകളാണ് സപ്ലൈ ചെയ്തിട്ടുളത് എന്ന് വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓർഡർ ചെയ്തത് (സ്ഥാപനം ക്വോട്ട് ,ചെയ്തത്) | സപ്ലൈ ചെയ്തത് | റിമാർക്സ് |
|---|---|---|
| STEEL TABLES Size 90X60X85 With One Drawer And Cupboard 18mm Novo Pan Top 18 Guage | STEEL TABLES Size 90X60X85 With One Drawer And Cupboard 18mm Novo Pan Top 22 Guage | കൂടിയ ഗേജിലുള്ള ഗുണനിലവാരം താരതമ്യേന കുറഞ്ഞ സ്റ്റീൽ ടേബിളുകൾ ആണ് വിതരണം ചെയ്തത്. |

ഇതിൽ നിന്ന് പ്രൊക്യൂർമെന്റ് കമ്മറ്റി വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നില്ല എന്ന് വ്യക്തമാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്
(15/21-22 31 .10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണനിലവാരം കുറഞ്ഞ ഫർണിച്ചറിന് അധികം നൽകിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-15 വാഹനം വാടകയ്ക്ക് - ഒരു വർഷത്തെ മുഴുവൻ ആവശ്യകത കണക്കാക്കാതെ ഒന്നിലധികം പദ്ധതികൾ രൂപീകരിക്കുന്നു

അസി.എഞ്ചിനീയറുടെ കാര്യാലയത്തിലേയ്ക്ക് വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിനായി 2021-22 വർഷത്തിൽ മൂന്നു പദ്ധതികൾ നിർവ്വഹണം ചെയ്തതായി കാണുന്നു. ഒരെണ്ണം സ്പിൽഓവർ പദ്ധതിയും മറ്റു രണ്ടെണ്ണം തൻവർഷം പുതുതായി രൂപീകരിച്ചതും. പ്രോജക്ടുകളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിശദാംശം | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | എ.ഇ.യുടെ കാര്യാലയത്തിലേയ്ക്ക് വാഹനം വാടകയ്ക്ക് ലഭ്യമാക്കൽ (രണ്ടാം ഘട്ടം), 184/22 സ്പിൽഓവർ | 18800 സംരക്ഷണഗ്രാന്റ് റോഡിതരം | 18800 |
| 2 | എ.ഇ.യുടെ കാര്യാലയത്തിലേയ്ക്ക് വാഹനം വാടകയ്ക്ക് ലഭ്യമാക്കൽ, 94/22 | 50000 സംരക്ഷണഗ്രാന്റ് റോഡിതരം | 50000 |
| 3 | എ.ഇ.യുടെ കാര്യാലയത്തിലേയ്ക്ക് വാഹനം വാടകയ്ക്ക് ലഭ്യമാക്കൽ(മൂന്നാം ഘട്ടം), 215/22 | 80000 സംരക്ഷണഗ്രാന്റ് റോഡിതരം | 48000 |

മേൽ പ്രോജക്ടുകളിലെല്ലാം ഒരു ദിവസം 100 കി.മീറ്റർ ദൂരം സഞ്ചരിക്കുന്നതിനുള്ള വാടക തുകയും, അധികമായി ഓടേണ്ടി വരുന്ന ഓരോ കി.മീറ്ററിനും വേണ്ടി വരുന്ന തുകയുമാണ് ടെണ്ടറിൽ ക്വാട്ട് ചെയ്യാൻ നിർദ്ദേശിച്ചിരിക്കുന്നത്. ആദ്യ പദ്ധതിയിൽ ഇത് 1700 രൂപ നിരക്കിലും, തൻവർഷം രൂപീകരിച്ച രണ്ടും മൂന്നും പദ്ധതികളിൽ ഇത് യഥാക്രമം 1550 രൂപയും 1600 രൂപയുമാണ്. രണ്ടാമത്തെ പദ്ധതിയിലൂടെ 2021 നവംബർ മുതൽ ജനുവരി വരെ മാസങ്ങളിലെ വാഹന വാടകയാണ് ചെലവഴിച്ചിരിക്കുന്നത്. പിന്നീട് ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വാടക നൽകുന്നതിന് പുതിയ പദ്ധതി തയ്യാറാക്കുകയും, ടെണ്ടർ ചെയ്ത് പുതിയയാളുമായി കരാർ ചമയ്ക്കുകയും ചെയ്തു. തൻവർഷത്തെ ആദ്യ പദ്ധതി (94/22) യുടെ അടങ്കൽ ഭേദഗതി ചെയ്ത് ഉയർത്താൻ ശ്രമിക്കാതെ പുതിയ പദ്ധതി രൂപീകരിച്ചതിന്റെ ഔചിത്യം വ്യക്തമല്ല. പുതിയ പദ്ധതിയായി രൂപീകരിച്ചപ്പോൾ ആദ്യ പദ്ധതിയേക്കാളും ഉയർന്ന നിരക്ക് അംഗീകരിക്കേണ്ടി വന്നിട്ടുണ്ട്.

പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ലോഗ് ബുക്ക് പരിശോധിച്ചതിൽ 2021 ഡിസംബർ, 2022 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ യഥാക്രമം ദിവസേന ശരാശരി 50, 50.7, 55കി.മീറ്റർ ദൂരമേ വാഹനം ഓടേണ്ടി വന്നിട്ടുള്ളൂ. മുൻവർഷം 2021മാർച്ച് മാസത്തിൽ പോലും ശരാശരി 82 കി.മീറ്റർ ദൂരമാണ് ദിവസേന വാഹനമോടിയത്. അതുകൊണ്ടു തന്നെ വാഹനവാടകയ്ക്ക് ദിവസേന ദൂരം 100കി.മീറ്ററായി നിശ്ചയിച്ചതു മൂലം അധിക തുക ചെലവഴിക്കേണ്ടി വരുന്നുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മുകളിൽ വിവരിച്ച വിധം ഒരു വർഷത്തേയ്ക്ക് ആവശ്യമായി വരുന്ന വാഹന വാടക ഒന്നായി കണക്കാക്കി ഒറ്റ പദ്ധതി രൂപീകരിക്കാതെ വ്യത്യസ്ത പദ്ധതികൾ രൂപീകരിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും, ഓരോ ദിവസവും സഞ്ചരിക്കേണ്ടി വരുന്ന ദൂരം ശരാശരി കണക്കാക്കാതെ ടെണ്ടർ നിബന്ധന തയ്യാറാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്.

1-16 വിപൽക്കരമായ മാലിന്യങ്ങൾ സംസ്കരണ സ്ഥലത്തേയ്ക്ക് കോണ്ടുപോകൽ - പദ്ധതി തുകനൽകിയതിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി - എസ്.ഒ 104/2021-22

ചെലവ് - 182520

ബിൽ നമ്പർ,തിയ്യതി - 6/21-2525.03.2022,)

ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി.എഫിൽ ശേഖരിച്ച് തരം തിരിച്ചതിനുശേഷം പുന ചംക്രമണയോഗ്യമല്ലാത്ത പാഴ് വസ്തുക്കൾ ക്ലീൻകേരള കമ്പനിയ്ക്കു നൽകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 15210 കിലോഗ്രാം വെയ്സ്റ്റ് കിലോഗ്രാമിന് 10 രൂപ നിരക്കിൽ ക്ലീൻ കേരള എന്ന ഹരിത സഹായ സ്ഥാപനത്തിന് തുക നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഇതിൽ 16.9.22 ന് കയറ്റി അയച്ച 5390 കിലോഗ്രാം മാലിന്യങ്ങൾ തൂക്കിയതിന്റെ ഹാജരാക്കിയ ബിൽ രാമനാട്ടുകര നാഷണൽ വെയ് ബ്രിഡ്ജ് എന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ആണ്. പന്തീരാങ്കാവിൽ വെയ് ബ്രിഡ്ജ് ഉണ്ടെന്നിരിക്കെ രാമനാട്ടുകരയിൽ പോയി തൂക്കം എടുത്തത് അംഗീകരിക്കുന്നില്ല. പഞ്ചായത്തിലെ ഏറ്റവും അടുത്ത തൂക്ക കേന്ദ്രത്തിൽ നിന്ന് തൂക്കം എടുക്കണം എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല

പുനരുപയോഗ്യ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി തൂക്കമെടുത്ത് വാഹനങ്ങളിൽ കോണ്ടു പോകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നത് എങ്ങനെയാണെന്നും എവിടെ വച്ചാണെന്നും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. കരാർ ഏറ്റെടുത്ത സ്ഥാപനങ്ങൾ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനും ആയതിന്റെ രേഖകൾ സൂക്ഷിക്കുന്നതിനും സംവിധാനമില്ലാത്തത് വീഴ്ചയാണ്. ഗ്രാമ പഞ്ചായത്തിൽ നിന്ന് നിന്ന് കയറ്റി അയക്കുന്ന അളവ് മാലിന്യങ്ങൾ സംസ്കരിച്ചതിന്റെ ആധികാരിക രേഖ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

റിജെക്റ്റഡ് വെയ്സ്റ്റിന് കരാറുകാർക്ക് 4% Gst അനുവദിച്ചാൽ മതി എന്നിരിക്കെ 18% GST അനുവദിക്കുക വഴി അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 18/21-22 31.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു

1-17 കമ്പ്യൂട്ടറുകൾക്കും യു.പി.എസിനും എ.എം.സി വെയ്ക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പദ്ധതി - എസ്.ഒ 12/2021-22

ചെലവ് - 143075 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ നമ്പർ,തിയ്യതി - 21009/01.07.21

പഞ്ചായത്ത് ഓഫീസിലെ വാറണ്ടി കാലാവധി കഴിഞ്ഞ കമ്പ്യൂട്ടറുകൾക്കും സെർവർ കമ്പ്യൂട്ടർ ഉൾപ്പെടെ യു.പി.എസ് നും എ,എം.സി വയ്ക്കുന്നതിന് വേണ്ടി കെൽട്രോൺ തയ്യാറാക്കി വയ്ക്കുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള തുക നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 21 കമ്പ്യൂട്ടറുകളും 2യു.പി.എസും

ആണ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.സ്റ്റോക്കിൽ ഇല്ലാത്ത കമ്പ്യൂട്ടറുകൾക്ക് എ.എം.സിയ്ക്ക് തുക അനുവദിച്ചു

Wipro CFJB07300097,20034, Acer Intell3-6100,4170,4160 എന്നീ 5 കമ്പ്യൂട്ടറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ഇല്ലാത്തവയാണ്. മാത്രമല്ല സ്റ്റോക്കിൽ ഉള്ള മറ്റ് കമ്പ്യൂട്ടറുകൾ വാങ്ങിയ തിയ്യതി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ കമ്പ്യൂട്ടറുകൾ വാറന്റി ഉള്ളതാണോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2.കെൽട്രോണുമായി കരാറിൽ ഏർപ്പെട്ടില്ല.

എ.എം.സി സംബന്ധിച്ച് വ്യവസ്ഥകളും മറ്റ് നിബന്ധനകളും ഉൾപ്പെടുത്തി കെൽട്രോണുമായി കരാറിലേർപ്പെടണമെന്ന വ്യവസ്ഥ പാലിച്ചില്ല.

3. 5.7.12 ലെ സ.ഉ(സാധാ) 1869/12തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാർഷിക അറ്റ കുറ്റ പണി നടത്തുന്നതിന് കെൽട്രോണുമായി കരാർ വയ്ക്കുന്നതിന് അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവിൽ സെർവ്വർ കമ്പ്യൂട്ടറിന്റെ അറ്റകുറ്റ പണിയ്ക്കായി ഒറിജിനൽ എക്യുപ്പ്മെന്റ് മാനുഫാക്ച്ചററുമായി കരാർ ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ പാലിച്ചില്ല. പഞ്ചായത്തിലെ എച്ച് പി സെർവർ മാനുഫാക്ച്ചററുമായി കെൽട്രോൺ ഉണ്ടാക്കിയ കരാർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/21-22 31.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയിൽ സൂചിപ്പിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

1-18 പദ്ധതി രൂപീകരണ നിർവ്വഹണത്തിലെ അപാകതകൾ

2021-22 വർഷത്തിൽ അസി.എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി തയ്യാറാക്കിയത് 28 സ്പിൽ ഓവർ പദ്ധതികളുൾപ്പെടെ ആകെ 102 പദ്ധതികളാണ്. ഇതിൽ അഞ്ചെണ്ണത്തിനൊഴികെ ബാക്കി എല്ലാ പദ്ധതികൾക്കും ചെലവുണ്ടായിട്ടുണ്ട്(പാർട്ടുബില്ലുകളുൾപ്പെടെ). വാർഷിക പദ്ധതികളുടെ രൂപീകരണവും, അവയുടെ നിർവ്വഹണവും ഓഡിറ്റ് വിധേയമാക്കിയതിൽ വിവിധ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ കൊടുക്കുന്നു.

1. ആവശ്യകത/നിർവ്വഹണ സാധ്യത പരിശോധിക്കാതെ പദ്ധതികൾ തയ്യാറാക്കുന്നു

പഞ്ചായത്ത് തയ്യാറാക്കിയ അന്തിമ പദ്ധതിരേഖ പ്രകാരം പശ്ചാത്തല മേഖലയിൽ ആകെ 25 പദ്ധതികളാണ് തയ്യാറാക്കിയിരുന്നത്. ഇതിൽ നാലു പദ്ധതികൾ പല കാരണങ്ങളാൽ ഒഴിവാക്കി. വാർഷിക പദ്ധതി ഭേദഗതിയിലൂടെ പിന്നീട് ഉൾപ്പെടുത്തിയ പഞ്ചായത്ത് ഓഫീസ് നവീകരണം(പ്രോ.നം.141/22), മൃഗാശുപത്രി ഗേറ്റ് നിർമ്മാണം(പ്രോ.നം.203/22) എന്നീ പദ്ധതികൾ വാർഷികപദ്ധതിയിൽ നിന്നും ഒഴിവാക്കിയത് അനിവാര്യമായ മറ്റു പ്രോജക്ടുകൾക്ക് തുക വകയിരുത്തേണ്ടതുണ്ട് എന്ന കാരണത്താലാണ്(20.1.22ലെ ഭരണസമിതി തീരുമാനം 6(2)/22). വാർഷിക പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തിയ മറ്റൊരു പദ്ധതിയായ ഹോമിയോ ഡിസ്പൻസറി കിണർ റീചാർജ്ജിംഗ് (243/22) സാങ്കേതിക പ്രശ്നങ്ങൾ ഉള്ളതിനാൽ 21.3.22 ലെ 52(1)/22തീരുമാനപ്രകാരം ഒഴിവാക്കി.

പ്രോജക്ട് നമ്പർ 149/22 കൊട്ടോരൊടി നിലം ഡ്രൈനേജിന്റെ പ്രവൃത്തി, നിർവ്വഹണ സമയം പ്രവൃത്തി ഏതു ഭാഗത്താണ് ചെയ്യേണ്ടതെന്ന് പഞ്ചായത്ത് ഭരണ സമിതിയോട് ആരാഞ്ഞ് കൊണ്ടുള്ള അസി.എഞ്ചിനീയറുടെ കത്ത് പദ്ധതി ഭേദഗതി ഫയലിൽ കാണാം. വ്യക്തമായ ധാരണയില്ലാതെയാണ് പദ്ധതികൾ വിഭാവനം ചെയ്യുന്നതെന്ന് ഇതിൽ നിന്നും അനുമാനിക്കാം. മേൽ ഉദാഹരണങ്ങളിൽ നിന്നും പദ്ധതികളുടെ ആവശ്യകത പരിശോധിക്കപ്പെടാതെയും, നിർവ്വഹണ സാധ്യത പരിശോധിക്കാതെയുമാണ് പ്രോജക്ടുകൾ തയ്യാറാക്കുന്നതെന്ന് വ്യക്തമാകും.

2. ഒരേതരം പ്രവൃത്തികൾ വ്യത്യസ്ത മേഖലയിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കുന്നു

തോടുകളുടെ സൈഡ് കെട്ടി സംരക്ഷിക്കുന്ന വിവിധ പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇവയിൽ ചിലത് പശ്ചാത്തല മേഖലയിൽ തയ്യാറാക്കുമ്പോൾ മറ്റു ചിലത് ഉത്പാദന മേഖലയിലാണ് തയ്യാറാക്കിയത്. ഉദാ: ഇളമനപ്പാടം തോടിന്റെ സൈഡ് കെട്ടുന്നതിനായി രണ്ടു പദ്ധതികൾ ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയിട്ടുണ്ട്. സ്പിൽഓവർ പദ്ധതിയായി ഉൾപ്പെട്ട പ്രോജക്ട് നമ്പർ 163/22പശ്ചാത്തല മേഖലയിൽ തയ്യാറാക്കിയപ്പോൾ തൻവർഷ പദ്ധതി (പ്രോ.നം.199/22)ഉത്പാദന മേഖലയിലാണ് തയ്യാറാക്കിയത്. ഈ വൈരുദ്ധ്യം വിശദീകരിക്കേണ്ടതാണ്.

3. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി വിഭവസ്രോതസ്സുകളുടെ നേരിയ തോതിലുള്ള വിന്യാസം/വാർഡ് തല വിഭജനം

പതിമൂന്നാം പഞ്ചവത്സര പദ്ധതികളുടെ രൂപീകരണ മാർഗ്ഗരേഖ നം.11/2018 ൽ ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായി പദ്ധതികളുടെ രൂപീകരണവും, വിഭവങ്ങളുടെ ചെറിയതോതിലുള്ള വ്യന്യാസവും ഒഴിവാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഈ നിർദ്ദേശം തെല്ലും പാലിക്കാതെയാണ് പഞ്ചായത്തിലെ പദ്ധതി രൂപീകരണം. പഞ്ചായത്തിന്റെ അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടുത്തി ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയ പശ്ചാത്തല മേഖലയിലെ പദ്ധതികൾ പരിശോധിച്ചാൽ എല്ലാ വാർഡുകളിലും സംരക്ഷണഗ്രാന്റ് 3,00,000രൂപ അടങ്കലിൽ ഓരോ റോഡുകളുടെ പ്രവൃത്തി തയ്യാറാക്കിയതായി കാണാം. തുടർന്ന് പദ്ധതി ഭേദഗതി സമയത്ത് ധനകാര്യ കമ്മീഷൻ ഗ്രാന്റും, തനതുഫണ്ടും ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കിയപ്പോഴും ഇതേ രീതിയാണുള്ളത്. എല്ലാ വാർഡിലേയ്ക്കും 1,50,000 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും, 50,000 രൂപ തനതുഫണ്ടും വകയിരുത്തി കൊണ്ടുള്ള പദ്ധതികൾ.

ഇത്തരത്തിൽ ചെറിയ അടങ്കലിൽ പദ്ധതികൾ തയ്യാറാക്കുന്നതിനാൽ ഇവയുടെ പൂർത്തീകരണത്തിനായി തുടർവർഷങ്ങളിൽ/അതേ വർഷത്തിൽ തന്നെ വീണ്ടും പദ്ധതികൾ ഉണ്ടാക്കേണ്ട സാഹചര്യമുണ്ടാകുന്നു. മുൻവർഷം തയ്യാറാക്കിയ ഇളമനപ്പാടം തോട് നവീകരണം, കൊളശ്ശേരിപ്പാറ കുടിവെള്ള പദ്ധതി നവീകരണം എന്നീ പ്രവൃത്തികൾ സ്പിൽഓവർ ആയി 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് തൻവർഷം വീണ്ടും പദ്ധതികൾ രൂപീകരിച്ചു. ഓഡിറ്റ് വർഷം പുതുതായി രൂപീകരിച്ച പാലാഞ്ചേരി കോളനി സമഗ്ര പരിഷ്കരണം എന്ന പദ്ധതിയുടെ പൂർത്തീകരണത്തിന് ഇതേ വർഷത്തിൽ തന്നെ രണ്ടാം ഘട്ടമെന്ന പേരിൽ മറ്റൊരു പദ്ധതി രൂപീകരിച്ചതും ഇതിനുദാഹരണങ്ങളാണ്.

4.പ്രത്യേക ഉദ്ദേശ ഗ്രാന്റുപയോഗിച്ചുള്ള പദ്ധതിയുടെ നിർവ്വഹണഘട്ടത്തിൽ അനുവദനീയമല്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തുന്നു

പ്രത്യേക ഉദ്ദേശങ്ങൾക്കായി നൽകുന്ന ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ട് ഉപയോഗപ്പെടുത്തി പഞ്ചായത്തിലെ വിവിധ അംഗൻവാടികളിൽ കുടിവെള്ള ലഭ്യതയ്ക്കും(കിണർ നിർമ്മാണം), ശുചിത്വത്തിനുമായി(ടോയ് ലെറ്റ് നിർമ്മാണം) പദ്ധതികൾ ആവിഷ്കരിച്ച് നിർവ്വഹണം നടത്തിയിട്ടുണ്ട്. ഇത്തരം പദ്ധതികളുടെ നിർവ്വഹണം പരിശോധിച്ചതിൽ നിർവ്വഹണഘട്ടത്തിൽ എസ്റ്റിമേറ്റുകളിൽ നിന്നും വ്യത്യസ്തമായ അളവിൽ നിർമ്മാണങ്ങൾ പൂർത്തിയാക്കിയതു വഴിയുണ്ടായ മിച്ച തുക മേൽ ഫണ്ടുപയോഗിച്ച് ചെയ്യാൻ പാടില്ലാത്ത അംഗൻവാടിയുടെ സംരക്ഷണ പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഇതിനായി എസ്റ്റിമേറ്റ് പുതുക്കുകയും അംഗൻവാടിയുടേയും കോമ്പോഡ് വാളിന്റേയും പെയിന്റിംഗിനായി ഉപയോഗിക്കുകയും ചെയ്തു. ഉദാ: പുറ്റക്കടവ് അംഗൻവാടി കിണർ നിർമ്മാണം(പ്രോ.നം.174/22), പുത്തൂർമഠം അംഗൻവാടി ടോയ് ലെറ്റ് നവീകരണം (പ്രോ.നം.176/22) എന്നിവ.

5. സമയബന്ധിതമായി നിർവ്വഹണം നടക്കാത്തതിനാൽ/വർഷാന്ത്യം പദ്ധതികൾ

ഉൾപ്പെടുത്തുന്നതിനാൽ ഓരോ വർഷവും സ്പിൽഓവർ പദ്ധതികൾക്കായി വൻതുക മാറ്റി വക്കേണ്ടി വരുന്നു

ഓഡിറ്റ് വർഷം അസി.എഞ്ചിനീയർ നിർവ്വഹണം ചെയ്ത പദ്ധതികൾക്കായി ആകെ ചെലവഴിച്ചത് 2,12,44,677/- രൂപയാണ്. ഇതിൽ 70,84,615/- രൂപ ചെലവഴിച്ചത് സ്പിൽഓവർ പദ്ധതികൾക്കായാണ്. അതായത് മൂന്നിലൊന്ന് ഭാഗം. ഓഡിറ്റ് വർഷം സ്പിൽഓവർ ആയി നിർവ്വഹണം/ചെലവ് ചെയ്ത പദ്ധതികൾ പരിശോധിച്ചാൽ ഭൂരിഭാഗവും മുൻവർഷാന്ത്യത്തിൽ (2021 ജനവരിയ്ക്ക് ശേഷം) രൂപീകരിച്ചവയാണെന്ന് കാണാം. ഈ പദ്ധതികൾ പൂർത്തീകരിച്ച് ചെലവ് നടത്തേണ്ട സാഹചര്യത്തിൽ പഞ്ചായത്തിൽ ലഭ്യമായ തുക തികയാത്ത അവസ്ഥയുണ്ടാവുകയും ഈ പദ്ധതികൾ 2021-22വർഷത്തിൽ ഉൾപ്പെടുത്തി തൻവർഷത്തിൽ ലഭ്യമായ തുകയിൽ നിന്നും വഹിക്കേണ്ടി വരികയും ചെയ്തു. പ്രോജക്ട് നമ്പർ 169/22, 171/22, 172/22 എന്നിവ ഇതിനുദാഹരണമാണ്.

2022-23 നടപ്പു വർഷത്തിൽ ഓഡിറ്റ് സമയം (2022ഒക്ടോബർ അവസാനവാരം) വരെ അസി.എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണ സ്ഥിതി പരിശോധിച്ചാൽ 16സ്പിൽഓവർ പദ്ധതികളുൾപ്പെടെ ആകെ 18 പദ്ധതികളുടെ വിശദാംശങ്ങളാണ് സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടുള്ളത്. ഈ വർഷത്തെ അന്തിമ പദ്ധതിരേഖയിൽ 38പുതിയ പദ്ധതികൾ അസി.എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി തയ്യാറാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ രണ്ടു പ്രോജക്ടുകളുടെ വെറ്റിംഗ് മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. സാമ്പത്തിക വർഷത്തിന്റെ ആദ്യ ഏഴു മാസം പിന്നിട്ടിട്ടും ആറു സ്പിൽഓവർ പ്രവൃത്തികൾക്കു മാത്രമാണ് ചെലവുണ്ടായിട്ടുള്ളത്. സംരക്ഷണഗ്രാന്റ് റോഡ്, വികസനഫണ്ട് ജനറൽ, കേന്ദ്രാവിഷ്കൃതഫണ്ട്, തനതുഫണ്ട് എന്നീയിനങ്ങളിലൊന്നും യാതൊരു ചെലവും ഓഡിറ്റ് സമയം വരെ ഉണ്ടായിട്ടില്ല.

5. പദ്ധതികളുടെ ഫണ്ടിനം മാറ്റി നിർവ്വഹണം നടത്തുന്നു

2021-22 വർഷത്തിൽ അസി.എഞ്ചിനീയർക്ക് നിർവ്വഹണം നടത്താൻ രൂപീകരിച്ച രണ്ടു പദ്ധതികളാണ് മാർച്ചാലിൽ അങ്കണവാടി റോഡ് റീടാറിംഗ്(പ്രോ.നം.69/22), പാറക്കണ്ടം കീഴ്പാടം റോഡ്(പ്രോ.നം.77/22) എന്നിവ. ഈ രണ്ടു പദ്ധതികളും ടെണ്ടർ ചെയ്ത് പ്രവൃത്തി ഏൽപ്പിച്ച ശേഷം വിഭവസ്രോതസ്സ് മാറ്റം വരുത്തിയാണ് തുക നൽകിയത്. വിശദാംശം ചുവടെ കൊടുക്കുന്നു,

| പ്രോജക്ട് | ആദ്യ വകയിരുത്തൽ | ഭേദഗതി ചെയ്ത ഫണ്ടിനം |
|---|---|---|
| മാർച്ചാലിൽ അങ്കണവാടി റോഡ് റീടാറിംഗ്(പ്രോ.നം.69/22) | 220000 സംരക്ഷണഗ്രാന്റ് റോഡ് | 220000 - വികസനഫണ്ട് ജനറൽ |
| പാറക്കണ്ടം കീഴ്പാടം റോഡ് (പ്രോ.നം.77/22) | 220000 സംരക്ഷണഗ്രാന്റ് റോഡ് | 106000 - സംരക്ഷണഗ്രാന്റ് റോഡ്<br>60674 - വികസനഫണ്ട് ജനറൽ<br>53326 - തനതുഫണ്ട് |

മേൽ രണ്ടു പ്രവൃത്തികളും റോഡിന്റെ സംരക്ഷണ പ്രവൃത്തികളാണ്. പഞ്ചായത്തിന് തൻവർഷം 5882000/-രൂപ സംരക്ഷണഗ്രാന്റ് റോഡിനത്തിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ 5306928/-രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചത്. ഈ സാഹചര്യത്തിലും റോഡിന്റെ സംരക്ഷണ പ്രവൃത്തിയ്ക്ക് വികസനഫണ്ട് ചെലവഴിച്ചതിന്റെ കാരണം വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്.

മേൽ കാര്യങ്ങളിൽ നിന്നും വാർഷിക പദ്ധതികളുടെ നിർവ്വഹണത്തിന് സമയക്രമം പാലിക്കുന്നില്ലയെന്നും, പദ്ധതി രൂപീകരണത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ലായെന്നും വ്യക്തമാണ്. ഓരോ വർഷവും ലഭിക്കുന്ന സർക്കാർ ഗ്രാന്റുകൾ പരമാവധി ഉപയോഗപ്പെടുത്താനുള്ള ശ്രമങ്ങൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടാകേണ്ടതാണ്. മേൽ വിവരിച്ച വിധം അപാകതകൾ ഉണ്ടാകാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 1-19 പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് രൂപീകരിച്ച് നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ വിവിധ പോരായ്മകൾ കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

### I. എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു

ഓഡിറ്റ് കാലയളവിൽ പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികളിൽ ഭൂരിഭാഗം പ്രവൃത്തികളും, പ്രത്യേകിച്ചും അറ്റകുറ്റ പണികൾ പല കാരണങ്ങളാൽ പുതുക്കുന്നതായി കാണുന്നു. വിവിധ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ മിക്ക എസ്റ്റിമേറ്റുകളും യഥാർത്ഥ ആവശ്യകത മനസ്സിലാക്കാതെയും, ശരിയായ സൈറ്റ് പരിശോധന നടത്താതെയും, അശ്രദ്ധയോടെയും തയ്യാറാക്കിയതു മൂലമാണ് പുതുക്കേണ്ടി വന്നതെന്ന് വ്യക്തമാകുന്നു. ഒരുദാഹരണം താഴെ കൊടുക്കുന്നു.

പ്രോജക്ട് നമ്പർ 179/22 കൊളശ്ശേരിപ്പാറ കുടിവെള്ള പദ്ധതി നവീകരണം എന്ന പദ്ധതിയിൽ നിലവിലുള്ള കിണറിന്റെയും, ചുറ്റുപാടിന്റെയും ഉയരം കൂട്ടുന്നതിനും, കിണറിന് ഗ്രില്ലും, ഗേറ്റും നിർമ്മിക്കുന്നതിനും, പുതിയൊരു ടാങ്ക് സ്ഥാപനവും, അനുബന്ധ പ്രവൃത്തികൾക്കുമായി ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി. നിർവ്വഹണ സമയം എസ്റ്റിമേറ്റ് പുതുക്കി. ഇതിനു കാരണമായി എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിവരിച്ചത് നിലവിലുള്ള പമ്പ് ഹൗസ് പ്രളയത്തിൽ തകർന്നിരിക്കുന്നതിനാൽ ആയത് പൊളിച്ച് പുതുക്കി പണിയുവാൻ കുടിവെള്ള കമ്മിറ്റി ആവശ്യപ്പെട്ട പ്രകാരം ആയതിനുള്ള ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കുന്നുവെന്നാണ്. ഇതിനായി ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന റെഡിമെയ്ഡ് ടാങ്ക് സ്ഥാപനവും അനുബന്ധ പ്രവൃത്തികളും ഒഴിവാക്കി. കോളം സ്ട്രക്ച്ചറിൽ പണിയുന്ന പമ്പ് ഹൗസിന്റെ ബേസ്മെന്റ് സ്ലാബ് വരെയുള്ള പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താനായത്. ബാക്കി പ്രവത്തികൾക്കായി മറ്റൊരു പദ്ധതിതന്നെ തയ്യാറാക്കി.

അളവു പുസ്തക പ്രകാരം കിണറിനു ചുറ്റുമുള്ള ഭാഗം ഉയർത്തുന്നതിന് കോൺട്രാക്ടറുടെ മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ് നടത്തുന്ന പ്രവൃത്തി നടത്തിയിട്ടുണ്ട്. 24.3.21ന് ഏകദേശം 1.2 മീറ്റർ ഉയരത്തിൽ മണ്ണ് ഫിൽ ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയുടെ പാർട്ട് ബിൽ നൽകിയ ശേഷമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതും, പമ്പ് ഹൗസിനുള്ള ഇനങ്ങൾ ഉൾപ്പെടുത്തുന്നതും. ഇപ്രകാരം പമ്പ് ഹൗസ് നിർമ്മാണത്തിന് മണ്ണ് എസ്കവേഷൻ നടത്തിയപ്പോൾ ആദ്യം ഫിൽ ചെയ്ത മണ്ണിന്റെ ഉയരത്തിൽ (1.1മീറ്റർ) മണ്ണെടുത്ത് പ്രവൃത്തി നടത്തി. ഒരേ പ്രവൃത്തിയിൽ തന്നെ മണ്ണ് ഫിൽ ചെയ്യുകയും പിന്നീട് ഈ മണ്ണ് നീക്കം ചെയ്യുകയും ചെയ്യുന്ന അവസ്ഥ സംജാതമായി. ശരിയായ ആവശ്യകത മനസ്സിലാക്കി പദ്ധതി രൂപീകരിക്കുകയും, സൈറ്റ് പരിശോധന നടത്തി യഥാർത്ഥത്തിൽ പ്രവൃത്തിക്കാവശ്യമാകുന്ന പ്രവൃത്തികൾ മനസ്സിലാക്കി മുഴുവൻ പ്രവൃത്തിക്കുമായി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിൽ ഇത്തരത്തിൽ ഉണ്ടാകുന്ന പ്രവൃത്തികളുടെ ഇരട്ടിപ്പും, അധിക ചെലവും ഒഴിവാക്കാമായിരുന്നു.

മറ്റൊരു പദ്ധതിയായ ടേക്ക് എ ബ്രേക്ക് നിർമ്മാണത്തിൽ ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ നിലവിലുള്ള സെപ്റ്റിക് ടാങ്ക് ഉപയോഗപ്പെടുത്തുവാനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ നിർവ്വഹണ സമയം എസ്റ്റിമേറ്റ് പുതുക്കി പുതിയ സെപ്റ്റിക് ടാങ്കും അനുബന്ധ നിർമ്മാണങ്ങളും ഉൾപ്പെടുത്തിയതിനാൽ ആദ്യ എസ്റ്റിമേറ്റിലെ പ്ലാസ്റ്ററിംഗ്, ടൈലിംഗ്, പെയിന്റിംഗ്, അലുമിനിയം സ്റ്റീൽ പ്രവൃത്തികൾ എന്നിവ ഒഴിവാക്കേണ്ടി വരികയും, ഇവയ്ക്കായി മറ്റൊരു പദ്ധതി തയ്യാറാക്കുകയും ചെയ്തു. എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനെ സംബന്ധിച്ചും, വ്യാപകമായി പുതുക്കുന്നതു സംബന്ധിച്ചും 26.3.2021ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ DB1/10690/2020/CE/LID&EW നമ്പർ സർക്കുലറിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശങ്ങളുടെ പ്രകടമായ ലംഘനങ്ങളാണ് പഞ്ചായത്തിൽ ഓഡിറ്റ് വർഷം നടത്തിയ പദ്ധതികളുടെ കാര്യത്തിൽ ഉണ്ടായിരിക്കുന്നത്. എസ്റ്റിമേറ്റുകൾ കൃത്യമായി തയ്യാറാക്കുന്നതിനു സാങ്കേതിക വിഭാഗം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

II. വിഭാവനം ചെയ്ത പ്രവൃത്തികൾ അപൂർണ്ണമായി പൂർത്തീകരിക്കുന്നു

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത പ്രവൃത്തികൾ മുഴുവനായി നിർമ്മിക്കാതെ അപൂർണ്ണമായി നടപ്പാക്കുന്നതായി ശ്രദ്ധയിൽപെട്ടു. പരിശോധിച്ച പല പ്രവൃത്തികളിലും ആദ്യം വിഭാവനം ചെയ്ത പ്രവൃത്തികളിൽ മാറ്റം വരുത്തുകയും (പുതുക്കി) ഇത്തരത്തിൽ പുതിയ ഇനങ്ങൾ ഉൾപ്പെടുത്തുന്ന സാഹചര്യത്തിൽ ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ഇനങ്ങൾ ചെയ്യാതെ ഒഴിവാക്കുന്ന രീതി നിലനിൽക്കുന്നു. പിന്നീട് ഈ പ്രവൃത്തികൾക്കായി പുതിയ പ്രോജക്ട് തയ്യാറാക്കി നിർവ്വഹിക്കുകയാണ് ചെയ്യുന്നത്.

III.തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നു

പ്രവൃത്തികൾക്കായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ തെറ്റായ ഇനങ്ങൾ ഉൾപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടു. പ്രോജക്ട് നമ്പർ 181/22 ൽ ടേക്ക് എ ബ്രേക്ക് സെപ്റ്റിക് ടാങ്ക്, സോക്ക് പിറ്റ് നിർമ്മാണങ്ങൾക്ക് 2x5.5x2.3, 2.5x2.5x2 എന്നീ അളവുകളിൽ മണ്ണെടുക്കുന്നതിന് 1.5 മീറ്ററിൽ കുറവ് വീതിയിൽ മണ്ണെടുക്കുന്നതിനുള്ള ഇനം 2.8.1 ആണ് ഉൾപ്പെടുത്തിയത്. കൃഷി ഭവൻ നവീകരണ സമയം പഴയ നിർമ്മിതി മേൽ പെയിന്റിംഗ് നടത്താൻ പുതിയ നിർമ്മിതിയുടെ ഇനം 13.60.1 ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. എസ്റ്റിമേറ്റുകളിൽ ശരിയായ ഇനങ്ങൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, എസ്റ്റിമേറ്റുകൾ യഥാർത്ഥ ആവശ്യകതയ്ക്കനുസരിച്ച് സൂക്ഷ്മതയോടെ തയ്യാറാക്കേണ്ടതുമാണ്.

1-20 അഗതി രഹിത കേരളം -ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി - എസ്.ഒ 35/2021-22

ചെലവ് - 100000

ബിൽ നമ്പർ,തിയ്യതി - 373367/21-22/18.3.22,454146/25.3.22)

അഗതി രഹിത കേരളം പദ്ധതിയിലെ അഗതി ആശ്രയ വിഭാഗത്തിൽപ്പെട്ട 2 കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് വേണ്ടി 50000രൂപ വീതം ധനസഹായം നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് . പദ്ധതി നടത്തിപ്പിലെ അപാകതകൾ .

1.പദ്ധതി ഗുണഭോക്താവായ ശ്രീമതി. മിനി കുളങ്ങര മീത്തൽ എന്ന ഗുണഭോക്താവിന് ആനുകൂല്യം നൽകിയിട്ടില്ല. പദ്ധതിയിൽ വകയിരുത്തിയ തുക മുഴവൻ രണ്ടാമത്തെ ഗുണഭോക്താവിന് വേണ്ടിയാണ് വിനിയോഗിച്ചിട്ടുള്ളത്.

2. വീട് വാസയോഗ്യമാക്കുന്നതിന് കൂടുതൽ തുക വകയിരുത്താമെന്നിരിക്കെ ആവശ്യമായ അത്ര തുക വകയിരുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് മുന്തിയ പരിഗണന നൽകി നടപ്പിലാക്കേണ്ട പദ്ധതിയാണ് അഗതി ആശ്രയ പദ്ധതി.

3. അഗതി ആശ്രയ പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഈ ഗുണഭോക്താക്കൾക്ക് വീട് റിപ്പയർ

ആവശ്യമില്ല എന്നാണ് ആശ്രയ പദ്ധതിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആശ്രയ പദ്ധതി തയ്യാറാക്കിയതിലെ അപാകതയാണോ എന്ന് വിശദീകരിക്കേണ്ടതാണ്

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 പാലിന് സബ്സിഡി നൽകൽ - ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിൽ കുറവ്

നിർവ്വഹണ ഉദ്യോഗസ്ഥ -ഡയറി ഫാം ഇൻസ്പെക്ടർ

പദ്ധതി - 60/22

ചെലവ് - 812520 (325876-വികസന ഫണ്ട് ,300000-ബ്ലോക്ക് പഞ്ചായത്ത്- 186644-ജില്ലാ പഞ്ചായത്ത്)

പെരുമണ്ണ ക്ഷീര സഹകരണ സംഘം, പന്തീരാങ്കാവ് ക്ഷീര സഹകരണ സംഘം എന്നീ ക്ഷീര സഹകരണ സംഘങ്ങൾ വഴി പാൽ അളക്കുന്ന ഗുണഭോക്താക്കൾക്ക് പാലിന് സബ്സിഡി നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർ ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് പരമാവധി 4 രൂപ തോതിൽ ഗുണഭോക്താവിന് നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ പദ്ധതി നടപ്പിലാക്കിയതിൽ ചില അപാകതകൾ കാണുന്നു.

പാൽ ലിറ്റർ ഒന്നിന് പരമാവധി 4 രൂപ നൽകാമെന്നിരിക്കെ ഫണ്ടിന്റെ അപര്യാപ്തത മൂലം 3രൂപ വീതമാണ് നൽകിയിട്ടുള്ളത്. പെരുമണ്ണ ക്ഷീര സഹകരണ സംഘത്തിലെ ക്ഷീര കർഷകർക്ക് മാർച്ച് മാസത്തിലെ പാലിന്റെ സബ്സിഡി അനുവദിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 16 /21-22 31 .10.22) നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് അപാകത വന്നിട്ടുള്ളത് എന്നറിയിച്ചു. വരും വർഷങ്ങളിൽ ക്ഷീര വികസന മേഖലയിൽ ആവശ്യമായ തുക വകയിരുത്തുന്നതിനായി വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു.

## 1-22 ലൈഫ് ഭവന പദ്ധതി ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥ -വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ഭവന പദ്ധതി എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ലൈഫ് ഭവന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ രണ്ടാം ഘട്ടത്തിലും മൂന്നാം ഘട്ടത്തിലും കരാറിൽ ഏർപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കി പദ്ധതി ലക്ഷ്യം കൈവരിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ .

| ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|
| 1. ശ്രീമതി.ചക്കി | 40000 | ഗുണഭോക്താവ് മരണപ്പെട്ടു. അവകാശിയ്ക്ക് ആവശ്യമെങ്കിൽ ആനുകൂല്യം നൽകി ലക്ഷ്യം പൂർത്തീകരിക്കേണ്ടതാണ്. |
| 2. ശ്രീ.അശോകൻ | 360000 | ഭവന നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റി വിവരം അറിയിക്കേണ്ടതാണ് |
| 3. ശ്രീ.സുരേഷ് പടിഞ്ഞാറേക്കര | 360000 | ടി |
| 4.ശ്രീ.സാഗേഷ് | 360000 | ടി |
| 5.ശ്രീ.സിനീഷ്.കെ.എം | 300000 | ടി |

| | | |
|---|---|---|
| 6.ശ്രീമതി.രഞ്ജുഷ | 300000 | ടി |

ഭവന നിർമ്മാണം പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-23 വാങ്ങൽ നടപടി സുതാര്യമല്ല

സ.ഉ (എം.എസ്)നം. 24/2017/ITD/ 18/11/2017 , സ.ഉ ( സാധാ)നം. 25/2017/ITD/ 01/02/2018 ഉത്തരവ് പ്രകാരവും ,18.03.2019 ലെ ഇലക്ട്രോണിക്സും, വിവര സാങ്കേതികവും വിദ്യ (ഐ.റ്റി.സെൽ) -1/26/2019 വി.സ.വ സർക്കുലർ പ്രകാരവും സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും ,തദ്ദേശ സ്വയംഭരണവകുപ്പുകൾക്കും കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ തുടങ്ങിയ ഐ.റ്റി ഉപകരണങ്ങൾ കേന്ദ്രീകൃത പർച്ചേസ് സംവിധാനത്തിലൂടെ വാങ്ങണമെന്ന കർശന നിർദ്ദേശമുണ്ട്. എന്നാൽ മേൽ നിർദ്ദേശം പാലിക്കാതെ മെഡിക്കൽ പി.എച്ച്.സി നടപ്പിലാക്കിയ പദ്ധതിയിൽ ടെണ്ടർ/ക്വട്ടേഷൻ കൂടാതെ LAP HP 250 G8,CARRY CASE HP എന്നിവ 37500/- രൂപ മുടക്കി BLUE BERRY Technologies എന്ന സ്ഥാപനത്തിൽ നിന്ന് നേരിട്ട് വാങ്ങി സ്റ്റോക്കിലെടുത്ത് ഉപയോഗിക്കുന്നു. കൂടാതെ പൾസ്ഓക്സിമീറ്റർ, ഓക്സിജൻ സിലണ്ടർ, മെഡിസിൻ, മാസ്ക്ക് മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്ക് 224899/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ - | 99/22 |
| പ്രോജക്ടിന്റെ പേര് | കോവിഡ് പ്രതിരോധ പ്രവർത്തനം |
| അടങ്കൽ | 2,90,000 |
| ചെലവ് | 2,80,618 |
| ബിൽ സാങ്ഷൻ നമ്പര്/തീയതി | 27/04/06/21 - 224899/<br>51/13/07/21 - 37500/-<br>63/12/08/21 - 18219/-<br>280618 |

ഐ.റ്റി ഉപകരണങ്ങൾ കേന്ദ്രീകൃത പർച്ചേസ് സംവിധാനത്തിലൂടെ കെൽട്രോൺ മുഖാന്തിരമല്ലാതെ വാങ്ങിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ സുലേഖ ചെലവ് പത്രിക പ്രകാരം മേൽ പദ്ധതിയിലെ ചെലവ് 2,50,000/- രൂപയാണ്. യഥാർത്ഥ ചെലവ് 280618 രൂപയാണ്. മേൽ അപാകതയ്ക്കും ചെലവ് തുക വ്യത്യാസപ്പെട്ടിരിക്കുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/202-22/31.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. സ.ഉ (എം.എസ്)നം. 24/2017/ITD/ 18/11/2017, സ.ഉ (സാധാ)നം. 25/2017/ITD/ 01/02/2018 ഉത്തരവ് പാലിക്കാതെ വാങ്ങൽ നടപടി സ്വീകരിച്ചതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-24 എഫ്.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ - ഫയലിൽ കൃത്യതയില്ല.

| | | |
|---|---|---|
| പ്രോജക്ടിന്റെ നമ്പർ | 34/22 | 229/22 |

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | എഫ്.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ | എഫ്.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ (രണ്ടാംഘട്ടം) |
| അടങ്കൽ | 3,00,000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം) | ,00,000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 3,00,000 | 3,00,000 |
| ബിൽ സാങ്ഷൻ നം | 122/09/11/21 -155565<br>184/19/01/22 – 55586<br>213/10/02/22 – 88796<br>425/26/03/22 - 53<br>3,00,000 | 311/14/03/22 - 88605<br>365/23/03/22 - 2998<br>426/26/03/2022 -<br>208397<br>3,00,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽഓഫീസർ (എഫ്.എച്ച്.സി) | മെഡിക്കൽഓഫീസർ (എഫ്.എച്ച്.സി) |

മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി എഫ്.എച്ച്.സി യിലേക്ക് ജീവിത ശൈലി രോഗത്തിനുള്ള മരുന്ന് വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ രണ്ട് പദ്ധതികളിലും പ്രാധാൻ മന്ത്രി ഭാരതീയ ജെൻ ഔഷധി കേന്ദ്ര, കുറ്റിക്കാട്ടൂർ എന്ന സ്ഥാപനത്തിൽ നിന്നാണ് മരുന്നുകൾ വാങ്ങിയിട്ടുള്ളത്. രണ്ട് പദ്ധതികളിലും മരുന്ന് വാങ്ങി സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതി ഫയൽ പരിശോധനയിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

2018 -22 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.5.(3 ) പ്രകാരം വകുപ്പ് മുഖേന വിതരണം ചെയ്യുന്ന മരുന്നുകൾ അപര്യാപത്മാണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് മരുന്ന് വാങ്ങി നൽകാവുന്നതാണ്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ, ആരോഗ്യ സ്ഥാപനങ്ങൾ മരുന്നുകൾക്ക് തുക ചെലവഴിക്കാവുന്നതല്ല. ഖണ്ഡിക 7.5.(4 ) പ്രകാരം അടിയന്തര ഘട്ടങ്ങളിൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇന്റന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമായില്ലെങ്കിൽ എച്ച്.എം.സി യുടെ ശുപാർശ പ്രകാരം കാരുണ്യ, നീതി, ജെൻ ഔഷധി എന്നിവടങ്ങളിൽ നിന്ന് മരുന്ന് വാങ്ങാവുന്നതാണ്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1.ജില്ലാ മെഡിക്കൽ ഓഫീസർ, മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്നിവടങ്ങളിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയത് ഫയലില്ല.

2. മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇന്റന്റ് നൽകിയതിന്റെയോ ,ഇന്റന്റ് തയ്യാറാക്കിയതിന്റെയോ വിവരം ലഭ്യമല്ല.

3. രണ്ട് പദ്ധതികളിലും പ്രാധാൻ മന്ത്രി ഭാരതീയ ജെൻ ഔഷധി കേന്ദ്ര, കുറ്റിക്കാട്ടൂർ എന്ന സ്ഥാപനത്തിൽ നിന്ന് മരുന്നുകൾ വാങ്ങുന്നതിനുണ്ടായ സാഹചര്യം വ്യക്തമല്ല.

4.ടെണ്ടർ/ക്വട്ടേഷൻ മുഖനെയോ വാങ്ങിയതാണെങ്കിൽ ആയതിന്റെ ഫയൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (0 1/2021-22 /29.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, മേൽ രേഖകളുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതുമാണ്.

1-25 കന്നുകുട്ടിപരിപാലനം പദ്ധതി - പദ്ധതി പൂർണ്ണമല്ല

ഗ്രാമപഞ്ചായത്തിലെ 4 മുതൽ 6 മാസം വരെ പ്രായമുള്ള 40 കന്നുകുട്ടികൾക്ക് സബ്സിഡിയോടു കൂടി (സംസ്ഥാന വിഹിതം 6250/- രൂപയും, തദ്ദേശ സ്ഥാപന വിഹിതം 6250/- രൂപയും, ഗുണഭോക്തൃവിഹിതം - 12500/-രൂപ ഉൾപ്പെടെ) സമീകൃത കാലിത്തീറ്റ ലഭ്യമാക്കുന്നതിനാണ് വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി ഗ്രാമസഭ മുഖേന ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കാഫ് ഫീഡ് സബ്സിഡി സ്കീം അസി.ഡയറക്ടർക്ക് തുക കൈമാറിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലനം |
| പ്രോജക്ടിന്റെ നമ്പർ | S0049/22 |
| അടങ്കൽ | 10,00,000/- (250000വികസനഫണ്ട് ജനറൽ, 250000 സംസ്ഥാനാവിഷ്കൃതം<br>500000 മറ്റുള്ളവ) |
| ചെലവ് | 250000/-വികസന ഫണ്ട് ജനറൽ |
| ബിൽ സാങ്ഷൻ നമ്പർ നം/തീയതി | 84/202-21/13/09/2021 |

മേൽ പ്രകാരമുള്ള പദ്ധതി നടപ്പിലാക്കിയത്തിന്റെ ലഭ്യമാക്കിയ വിനിയോഗ വിവര സാക്ഷ്യപത്രത്തിൽ ഗ്രാമപഞ്ചായത്ത് ഷെയർ ഇനത്തിൽ 89,490/-ചെലവഴിക്കാൻ ബാക്കിയുള്ളതായും, പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുകയാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പദ്ധതി പൂർത്തീകരിച്ച് വിനിയോഗവിവരവും, ഭൗതികനേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ പദ്ധതി പൂർത്തീകരിക്കുന്നതിന് കാലാവധി നിശ്ചയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. സംസ്ഥാനാവിഷ്കൃതം ഫണ്ട് വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവഴിച്ചതായി കാണുന്നില്ല. ആയതിനുള്ള കാരണവും വ്യക്തമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (02/2021-22/29.10.2022) ക്ക് വെറ്ററിനറി സർജൻ ലഭ്യമാക്കിയ 01/11/2022 ലെ 93/22 നമ്പർ മറുപടി പ്രകാരം പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തികരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ ചെലവഴിക്കാൻ ബാക്കിയുള്ള 89,490/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സർട്ടിഫിക്കറ്റും ,ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

1-26 പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികൾ ലക്ഷ്യം കൈവരിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ.

| ക്രമനമ്പർ | പദ്ധതി | ചെലവ് തുക | റിമാർക്സ് |
|---|---|---|---|
| 1.തെക്കേവള്ളിക്കുന്ന് കുടിവെള്ള പദ്ധതി മോട്ടോർ മാറ്റൽ വാർഡ്-14 | 105/21-22 | 284450<br>210064/26.3.22 | പദ്ധതി നടപ്പിലാക്കുന്നതിന് കോഴിക്കോട് പിഡബ്ല്യുഡി ഇലക്ട്രിക്കൽ ഡിവിഷനിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സ്ഥാപനവുമായി കരാർ വയ്ക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്. പദ്ധതി പൂർത്തിയാക്കിയതിന്റെ വിനിയോഗ വിവരം ലഭിച്ചിട്ടില്ല. |
| 2.ഓഫീസ് ഘടക സ്ഥാപനം നെറ്റ് വർക്കിംഗ് | 213/21-22 | 151000<br>478898/22.3.22 | ടി |
| 3.ഓഫീസ് ഘടക സ്ഥാപനം ഇലക്ട്രിഫിക്കേഷൻ | 212/21-22 | 170670<br>372962/22.3.22 | പദ്ധതി നടപ്പിലാക്കുന്നതിന് കോഴിക്കോട് പിഡബ്ല്യുഡി ഇലക്ട്രിക്കൽ ഡിവിഷനിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സ്ഥാപനവുമായി കരാർ വയ്ക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്. പദ്ധതി പൂർത്തിയാക്കിയതിന്റെ വിനിയോഗ വിവരം ലഭിച്ചിട്ടില്ല. കൂടാതെ ടി.എസ് ലഭിയ്ക്കാതെയാണ് ഈ പദ്ധതിയിൽ തുക കൈമാറിയിട്ടുള്ളത്. |
| ആകെ | | 606120 | |

പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

1-27 മഴക്കാലപൂർവ്വമുന്നൊരുക്കം - പദ്ധതി ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | 31/22 |
| പ്രോജക്റ്റിന്റെ നമ്പർ | മഴക്കാലപൂർവ്വമുന്നൊരുക്കം |
| അടങ്കൽ | 1,80,000 ( കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | 1,80,000 ( കേന്ദ്രാവിഷ്കൃത ഫണ്ട്) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |

മേൽ പ്രകാരമുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി മെഡിക്കൽ ഓഫീസർ തുക ചെലവഴിച്ചതായി സുലേഖ ചെലവ് പത്രിക പ്രകാരം മനസ്സിലാവുന്നു. എന്നാൽ അനുബന്ധ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിന് കാരണം വ്യക്തമാക്കൽ ആവശ്യപ്പെട്ട് ബോദ്ധ്യപ്പെടുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (03/2021-22/29.10.22) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 1,80,000/- രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

,

## 1-28 ഹോമിയോ മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം | S0023/22 |
| പ്രോജക്ടിന്റെ പേര് - | ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 3,00,000 (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) |
| ചെലവ് | 3,00,000(മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) |
| ബിൽ നം | 81/21-22/ 09/09/2022 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

ഗ്രാമപഞ്ചായത്തിലെ ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ പദ്ധതി തയ്യാറാക്കുകയും ജില്ലാ മെഡിക്കൽ ഓഫീസറുടെ എൻ.എ.സി.എന്നിവയുടെ അടിസ്ഥാനത്തിൽ 81/21-22/ 09/09/2022 നമ്പർ ബിൽ പ്രകാരം ഹോംകോയുടെ അക്കൗണ്ടിലേക്ക് 3,00,000/- രൂപ നൽകിയിട്ടുണ്ട് എന്നാൽ നാളിതുവരെ 1,77,616/- രൂപയുടെ മാത്രമേ മരുന്ന് ലഭ്യമായിട്ടുള്ളൂ. 1,22,384/- രൂപയുടെ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല. ലഭ്യമാവാത്തതിനുള്ള കാരണവും, മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/2021 -22 /29-10-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാകാത്തതിനാൽ 1,22,384/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഹോമിയോ മരുന്ന് സമയബന്ധിതമായി ലഭ്യമാക്കിയും, സ്റ്റോക്കിലെടുത്തും രേഖകൾ സഹിതം ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിനിയോഗവിവരം ലഭ്യമല്ല

ഗ്രാമപഞ്ചായത്ത് മുൻവർഷങ്ങളിൽ പൊതുമരാമത്ത്/ഭൂഗർഭജല വകുപ്പുകൾക്ക് വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ആകെ 748713/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ചും, നൽകിയ തുകയുടെ വിനിയോഗം സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമല്ല. നൽകിയ തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമനം. | ഡെപ്പോസിറ്റ് നൽകിയത് | പ്രവൃത്തി വിശദാംശം | ചെലവ് വിശദാംശം | തുക |
|---|---|---|---|---|
| 1 | പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽ | തയ്യിൽതാഴം അങ്കണവാടി മോട്ടോർ സ്ഥാപിക്കൽ | 4200687/31.03.21 | 79941 |

| | | | | |
|---|---|---|---|---|
| | വിഭാഗം) | | | |
| 2 | പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽ വിഭാഗം) | കാർഷികവിപണന കേന്ദ്രം വൈദ്യുതീകരണം | 4200686/31.03.21 | 219595 |
| 3 | പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽ വിഭാഗം) | ഹോമിയോ ഡിസ്പെൻസറി ഇലക്ട്രിഫിക്കേഷൻ | 4200685/31.03.21 | 202528 |
| 4 | പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽ വിഭാഗം) | കിഴക്കെ വള്ളിക്കുന്ന് കുടിവെള്ള പദ്ധതി | 4200658/31.03.21 | 136490 |
| 5 | പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽ വിഭാഗം) | ബഡ്സ് സ്കൂൾ ഇലക്ട്രിഫിക്കേഷൻ | 22001423/27.03.21 | 45600 |
| 6 | ഭൂഗർഭ ജല വകുപ്പ് | സങ്കേതം കുഴൽക്കിണർ നിർമ്മാണം | - | 144500 |
| | | ആകെ | | 748713 |

മേൽ പ്രവൃത്തികളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഫൈനൽ ബിൽ ലഭ്യമാക്കി തുകയുടെ വിനിയോഗം ഉറപ്പ് വരുത്തേണ്ടതും, ചെലവഴിക്കാൻ ബാക്കിയുള്ള തുക തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-30 സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല – സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്.

### 1) സറണ്ടർ ലീവ് സാലറി - നിർദ്ദേശം പാലിച്ചില്ല

ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് 2021-2022 വർഷത്തെ സറണ്ടർ ലീവ് സാലറി താഴെ കൊടുത്ത വൗച്ചർ പ്രകാരം പിൻവലിച്ച് ജീവനക്കാർക്ക് നൽകിയിട്ടുണ്ട്.

| | വൗച്ചർ നമ്പർ/തീയതി | തുക | വിശദാംശം |
|---|---|---|---|
| 1 | 22100179/2.6.21 | 584559 | 2 ഓഫീസ് അസിസ്റ്റന്റുമാർ ഉൾപ്പെടെ 12 ജീവനക്കാരുടെ സറണ്ടർ ലീവ് സാലറി(SLS) |

ജി.ഒ.(പി) 152/2020 ഫിൻ തീയതി 05.11.2020 പ്രകാരം ആർജ്ജിതാവധി സറണ്ടർ 31.05.2020 വരെ മാറ്റി വെച്ചിരുന്നു. തുടർന്ന് ജി.ഒ.(പി) 104/2020 ഫിൻ തീയതി 05.11.2021/ഫിൻ തീയതി 26.07.2021

പ്രകാരം 01.06.2021 മുതൽ 6 മാസത്തേയ്ക്ക് വീണ്ടും നീട്ടിവെച്ചു. ആദ്യ ഉത്തരവിന്റെ കാലാവധി 31.05.2021 വരെയും അഞ്ചാമത്തെ ഉത്തരവ് 01.06.2021 മുതൽ പ്രാബല്യമുണ്ടെങ്കിലും ഈ ഉത്തരവ് പുറപ്പെടുവിച്ചത് 26.07.2021 നാണ്. ഈ കാലയളവിനുള്ളിൽ അതായത് 01.06.2021 മുതൽ 25.07.2021 വരെയുള്ള കാലയളവിനുള്ളിൽ മറ്റ് നിർദ്ദേശങ്ങൾ ഒന്നുമില്ലാത്തതിനാൽ മേൽ വൗച്ചർ പ്രകാരം 02.06.2021 ന് ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജീവനക്കാർക്കും സറണ്ടർ അനുവദിക്കുകയാണുണ്ടായത്.

എന്നാൽ ഈ ഉത്തരവിൽ ഈ കാലയളവിനുള്ളിൽ സറണ്ടർ ചെയ്ത ബിൽ പുനഃപരിശോധിക്കേണ്ടതില്ലെന്ന് വ്യക്തമാക്കാത്ത സാഹചര്യത്തിൽ, 01.06.2021 മുതൽ 6 മാസക്കാലം നീട്ടിവെച്ചത് ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്കും ബാധകമാണ്. ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത ലഭ്യമാക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം ഓഫീസ് അസിസ്റ്റന്റ് ഒഴികെ മറ്റുള്ളവരുടെ സറണ്ടർ തനത്ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

II) 2021 മെയ് മാസം ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക താഴെ കൊടുത്ത വൗച്ചർ പ്രകാരം ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നമ്പർ /തീയതി | തുക | വിശദാംശം |
|---|---|---|---|
| 1 | 22100063/05.05.2021 | 70568 | സെക്രട്ടറിയ്ക്ക് അനുവദിച്ച |
| 2 | 22100064/05.05.2021 | 593604 | ജീവനക്കാർക്ക് അനുവദിച്ച |

ജി.ഒ.(പി)നം.25/21 ഫിൻ തീയതി0802.2021 പ്രകാരം 4 ഗഡു ക്ഷാമബത്ത തുകയാണ് മേൽ വൗച്ചർ പ്രകാരം അനുവദിച്ചത്. 01.01.2019(3%), 01.07.2019(5%), 01.01.2020(4%), 01.07.2020 (4%) എന്നീ തീയതി മുതൽ പ്രാബല്യമുള്ള 4 ഗഡു ക്ഷാമബത്തയാണ് അനുവദിച്ചത്. ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിൽ കുടിശ്ശിക തുക ലയിപ്പിക്കാനാണ് സർക്കാർ ഉത്തരവാക്കിയത്. സെക്രട്ടറി ഉൾപ്പെടെ 17 ജീവനക്കാരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പണമായി 664172 രൂപയും നൽകിയിട്ടുണ്ട്. തുടർന്ന് ജീവനക്കാർക്ക് പണമായി അനുവദിച്ച കുടിശ്ശിക തനത് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കുകയും വൗച്ചർ നമ്പർ 22100146/25.05.2021 പ്രകാരം 1003685 രൂപ പിൻവലിച്ച് ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിലേയ്ക്ക് ഒടുക്കി.

മേൽ ഉത്തരവ് പ്രകാരം 4 ഗഡു ക്ഷാമബത്തയും പണമായും പിൻവലിക്കൽ 01.04.2023 മുതലാണ് അനുവദിച്ചത്. അതിന് മുൻപ് തന്നെ 2021 മെയ് മാസം പണമായി പിൻവലിച്ചത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-31 തനതുഫണ്ടിൽ നിന്നും നിശ്ചിത പരിധിയിൽ കൂടുതൽ പണം പിൻവലിച്ചതിന് ബാങ്ക് ചാർജ് ഈടാക്കി.

പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടായ കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിൽ നിന്നും നിശ്ചിതപരിധിയിൽ കൂടുതൽ പണം പിൻവലിച്ച എന്ന കാരണത്താൽ 31-05-2021 മുതൽ30-09-2022 വരെയുള്ള കാലയളവിൽ ചുവടെ ചേർക്കും പ്രകാരം ബാങ്ക് ചാർജ് ഈടാക്കിയിട്ടുണ്ട്.

| തീയതി | തുക |
|---|---|
| 31-05-2021 | 36.30 |
| 30-06-2021 | 36.30 |

| | |
|---|---|
| 31-07-2021 | 83.00 |
| 31-08-2021 | 48.00 |
| 30-09-2021 | 83.00 |
| 30-10-2021 | 36.00 |
| 30-11-2021 | 83.00 |
| 31-12-2021 | 142.00 |
| 31-01-2022 | 24.00 |
| 28-02-2022 | 118.00 |
| 31-03-2022 | 166.00 |
| 30-04-2022 | 148.00 |
| 31-05-2022 | 177.00 |
| 30-06-2022 | 708.00 |
| 30-07-2022 | 413.00 |
| 31-08-2022 | 295.00 |
| 30-09-2022 | 708.00 |
| ആകെ | 3304 /- |

ഒരു തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ഇപ്രകാരം ചാർജ് ഈടാക്കുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്, ചാർജ് ഈടാക്കുന്നത് സംബന്ധിച്ച് ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെങ്കിലും തുക തിരികെ ലഭിച്ചില്ലെന്നും വീണ്ടും ഈ വിഷയം സംബന്ധിച്ച് ബാങ്കുമായി ബന്ധപ്പെട്ടതിൽ തുക റിവേസ് ചെയ്ത് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് എന്ന മറുപടി സമർപ്പിച്ചിട്ടുണ്ട്. നഷ്ട തുക ബാങ്കിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-32 ഇ-ടെണ്ടർ ഫീ തുക - പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ച കിട്ടിയില്ല

ഇ-ടെണ്ടർ നടപടികളുടെ ഭാഗമായി ടെണ്ടർ ഫീയിനത്തിൽ 2020-21 സാമ്പത്തിക വർഷം വരെ

108162 രൂപ കോഴിക്കോട് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കാനുള്ളതായി 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-14 ൽ പരാമർശിച്ചിരുന്നു. പ്രസ്തുത തുക നാളിതു വരെ ലഭിച്ചിട്ടില്ല. മേൽ തുക കൂടാതെ 2021-22 സാമ്പത്തിക വർഷത്തിൽ നടന്ന ഇ-ടെണ്ടറുകളുമായി ബന്ധപ്പെട്ട് 15930 രൂപയും എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുണ്ട്. ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുവാനുള്ള തുക അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 തെറ്റായി ഗ്രാമപഞ്ചായത്ത് അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ട തുകകൾ നാളിതു വരെ തിരിച്ചടച്ചില്ല

പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൌണ്ടിലേക്ക് (കേരള ഗ്രാമീൺ ബാങ്ക് പെരുമണ്ണ ശാഖയിലെ 40631101035119 നമ്പർ അക്കൌണ്ട്) 2020-21 സാമ്പത്തിക വർഷം 1874881/- രൂപ ( 1088131 + 786750) തെറ്റായി ക്രെഡിറ്റ് ചെയ്യപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച് 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-9ൽ വിശദമായി പരാമർശിച്ചിരുന്നു. പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്ന് മലപ്പുറം ജില്ലയിലെ 'മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ചിൽഡ്രൻ വിത്ത് സ്പെഷ്യൽ നീഡ്സ്'' എന്ന സ്ഥാപനത്തിന് അനുവദിച്ച തുകയാണ് തെറ്റായി പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടത്. പ്രസ്തുത തുക നാളിതുവരെ തിരിച്ചടച്ചിട്ടില്ല. ആയത് അടിയന്തിരമായി തിരിച്ചടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 166 പട്ടിക 3 പ്രകാരം ശുചിത്വ മാലിന്യ സംസ്കരണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് ഇതിനാവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കി വരുന്നുണ്ട്. ജി.ഒ(പി)10/17/ആ.സാ.വ/19.04.2017 പ്രകാരമുള്ള നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച വികസന മിഷനുകളിൽ ഒന്നായ ഹരിത കേരള മിഷന്റെ ദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വവും മാലിന്യ സംസ്കരണവും. ജി.ഒ(സാധാ)2420/17/തസ്വഭവ/ 15.07.2017 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കേണ്ടത്. ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുന്ന മാലിന്യ നിർമ്മാജന പദ്ധതികളിൽ അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായുള്ള പദ്ധതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മാലിന്യ സംസ്കരണത്തിന് ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച

12.8.2020 ലെ സ.ഉ (സാധാ) നം.1496/2020/തസ്വഭവ ഉത്തരവ് പ്രകാരം മാലിന്യ സംസ്കരണത്തിനും അജൈവമാലിന്യ സംസ്കരണത്തിനായി ഭൗതിക സൗകര്യങ്ങൾ ഒരുക്കേണ്ടത് ഗ്രാമ പഞ്ചായത്താണ്. ഇതിനായി എം.സി.എഫ്, എം.ആർ.എഫ്, ആർ.ആർ.എഫ് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. എം.ആർ.എഫ്, ആർ.ആർ.എഫ് എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിനോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള എം സി എഫ് ആവശ്യത്തിന് സൗകര്യമില്ലാത്തതാണ് . നിലവിൽ ഖരമാലിന്യങ്ങൾ നിറച്ച ചാക്കുകൾ നിറഞ്ഞിരിക്കുന്ന അവസ്ഥയിലാണ് ഉള്ളത്. പുനരുപയോഗയോഗ്യമല്ലാത്ത മാലിന്യങ്ങൾ കിലോയ്ക്ക് 10 രൂപ നൽകി ക്ലീൻ കേരള കമ്പനിയ്ക്ക് നൽകുകയാണ് ചെയ്യുന്നത്.

2. മാലിന്യ നിർമ്മാർജനത്തിനായി വൻ തുക ചെലവഴിക്കുന്നു .

എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന തത്വത്തിലധിഷ്ഠിതമായാണ് മാലിന്യ നിർമ്മാർജനം സാധ്യമാകേണ്ടത്. വീടുകളിൽ നിന്നും മറ്റു സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ സേന ശേഖരിക്കുന്ന മാലിന്യങ്ങൾക്ക് യൂസർഫീ ഈടാക്കുന്നുണ്ട്. റിജെക്റ്റഡ് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിയ്ക്ക് സംസ്കരിക്കുന്നതിനായി നൽകുന്നതിലും ഖര മാലിന്യങ്ങൾ ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ നിന്ന് എം.സി.എഫിൽ എത്തിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നതിനും

ഹരിതകർമസേനയ്ക്ക് വേതനം നൽകുന്നതിന് യൂസർഫീസ് തികയാതെ വരുമ്പോൾ നൽകേണ്ടി വരുന്ന വി.ജി.എഫ് എന്നിവയ്ക്കുമായി ഗ്രാമ പഞ്ചായത്തിന് വലിയ തുക ചെലവഴിക്കേണ്ടി വരുന്നു. മാലിന്യ നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് വർഷങ്ങളായി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. എന്നാൽ മാലിന്യം സംസ്കരിക്കുന്നതിന് സ്ഥിരമായ ഒരു സംവിധാനം ഒരുക്കാൻ കഴിഞ്ഞിട്ടില്ല എന്നത് വീഴ്ചയാണ്. മേൽ മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റിസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യലും നടത്തുക വഴി 5 വർഷം കൊണ്ട് മാതൃകാപരമായി മാലിന്യമുക്തമാകേണ്ടതുണ്ട്. കൂടാതെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള ആവർത്തന ചെലവുകൾ ഏറ്റവും കുറഞ്ഞ തോതിൽ മാത്രമേ തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്ന് ചെലവഴിക്കാവൂ എന്ന സമീപനവും സ്വീകരിക്കേണ്ടതുണ്ട്.

*3.ഹരിത കർമ്മ സേന സ്വയം പര്യാപ്തമല്ല*

ഹരിത കർമ സേനയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ ധാരാളം അപാകതകൾ കാണുന്നു. യൂസർ ഫീ ഇനത്തിലും മറ്റും പൊതുജനങ്ങളിൽ പണം പിരിക്കുന്നതിനായി അച്ചടിക്കുന്ന രശീതി ബുക്കുകളുടെ സൂക്ഷിപ്പ് ക്രമപ്രകാരമല്ല . ആകെ എത്ര രശീതികൾ അച്ചടിച്ച എന്ന് വ്യക്തമല്ല. ആയവ സ്റ്റോക്കിൽ എടുത്ത് ക്രമ പ്രകാരം ഹരിത കർമ്മസേനയ്ക്ക് നൽകുക, ഹരിത കർമ്മസേന പിരിച്ചെടുക്കുന്ന തുകകൾ ലഭിയ്ക്കുന്ന മുറയ്ക്ക് ബാങ്കിൽ അടയ്ക്കുക എന്നിവ കൃത്യതയോടെ ചെയ്യേണ്ടതും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടു ത്തേണ്ടതുമാണ്. ഗ്രാമ പഞ്ചായത്ത് ഇതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. 3 മാസത്തോളമായി ഹരിതകർമ്മ സേന വീടുകളിൽ നിന്നും കടകളിൽനിന്നുമൊക്കെ മാലിന്യങ്ങൾ ശേഖരിക്കുന്ന പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്. എം.സി.എഫ് നിറഞ്ഞു നിൽക്കുന്നതിനാൽ വിവിധ വാർഡുകളിൽ ശേഖരിച്ച വച്ചിരിക്കുന്ന പ്ലാസ്റ്റിക്ക് വേസ്റ്റുകൾ വേർതിരിക്കുന്നതിനായി എം.സി.എഫിലേക്ക് കൊണ്ടു വന്നിട്ടില്ല. മൂന്ന് മാസമായി ഹരിതകർമ്മസേനാംഗങ്ങൾക്ക് ശമ്പളം ലഭ്യമാക്കുന്നില്ല. ആയതിനാൽ ഹരിത കർമ്മസേനാംഗങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലും ടേക്ക് എ ബ്രേക്ക് നടത്തിപ്പ് എന്നിവയിലെല്ലാം വ്യാപൃതമാകുന്നത് മാലിന്യ നിർമ്മാർജനം എന്ന പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമാകുന്നുണ്ട്. ഉപയോഗ യോഗ്യമായ വേയ്സ്റ്റുകളുടെ വിൽപ്പനയിലൂടെ ഹരിത കർമ്മസേനയ്ക്ക് മതിയായ വരുമാനം ലഭിക്കുന്നില്ല. വേയ്സ്റ്റ് ഇന്ന് നല്ലൊരു വരുമാന മാർഗ്ഗമാണ്. സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന നിരക്കിൽ വില ലഭിയ്ക്കാനുള്ള നടപടികൾ സ്വീകരിച്ച് മാലിന്യങ്ങൾ വരുമാനദായകങ്ങളാക്കാൻ ഗ്രാമ പഞ്ചായത്തിന് സാധിക്കേണ്ടതുണ്ട്.

4.അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

പുനരുപയോഗ്യ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി, എന്ന സ്ഥാപനങ്ങളെയാണ് കരാർ പ്രകാരം തുക നൽകിക്കൊണ്ട് സംസ്ഥാനത്തിനകത്ത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി ഏൽപ്പിച്ചിട്ടുള്ളത്. പന്തീരാങ്കാവിൽ നിന്നും രാമനാട്ടുകരയിലുമുള്ള വെയ്ബ്രിഡ്ജുകളിൽ മാലിന്യങ്ങളുടെ തൂക്കമെടുത്ത് വാഹനങ്ങളിൽ കൊണ്ടു പോകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നത് എങ്ങനെയാണെന്നും എവിടെ വച്ചാണെന്നും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. കരാർ ഏറ്റെടുത്ത സ്ഥാപനം മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനും ആയതിന്റെ രേഖകൾ സൂക്ഷിക്കുന്നതിനും ഗ്രാമ പഞ്ചായത്തിൽ സംവിധാനമില്ലാത്തത് വീഴ്ചയാണ്.

5.ഹരിത മിത്രം സമാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പ്രവർത്തനം

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സുതാര്യവും,ലളിതവുമാക്കുന്നതിന് നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹരിത മിത്രം സമാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ക്യൂ.ആർ കോഡ് അധിഷ്ഠിതപ്പെടുത്തിയുള്ള പ്രവർത്തനം നിലവിൽ ഗ്രാമപഞ്ചായത്ത് നടത്തിവരുന്നുണ്ട്. വാസഗൃഹങ്ങളും, വാണിജ്യ - വ്യവസായ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ക്യൂ.ആർ കോഡ് പതിപ്പിക്കുന്ന പ്രവർത്തനം

പ്രവർത്തനം പൂർണ്ണമാക്കുകയാണെങ്കിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം, കൃത്യമായ ഇടവേളകളിൽ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും, മാലിന്യം കത്തിക്കൽ, വലിച്ചെറിയൽ തുടങ്ങിയ പരാതികൾ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കും കൂടാതെ വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് തുടങ്ങിയ തനത് വരുമാനം സ്രോതസ്സിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിനും ഇതിലൂടെ സാധ്യമാവുന്നതിനുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്.

മേൽ അപാകതകൾക്ക് പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഒരേ വ്യക്തിക്ക് രണ്ട് പദ്ധതികളിലും വേതനം നൽകിയതിനാൽ അധിക ചെലവ്

ദിവസവേതനം അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഡ്രൈവർക്ക് അവധി ദിവസം ഉൾപ്പെടെ ഒരു മാസത്തിലെ എല്ലാ ദിവസവും വകുപ്പ് തലവന്റെ നിർദ്ദേശാനുസരണം ഔദ്യോഗിക കൃത്യനിർവ്വഹണം വഹിക്കേണ്ടി വരികയാണെങ്കിൽ, ആ ദിവസങ്ങളിലെ അധികവേതനത്തിന് വകുപ്പ് മേധാവിയുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മാത്രം അർഹതയുണ്ടായിരിക്കും, എന്നാൽ രണ്ട് വ്യത്യസ്ത പദ്ധതികളിൽ ഒരേ വ്യക്തിക്ക് രണ്ട് വേതനം നൽകിയതിന് കാരണം വ്യക്തമല്ല.

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ എന്നീ പദ്ധതിയിൽ ദിവസ വേതനാടിസ്ഥാനത്തിൽ അംബുലൻസ് ഡ്രൈവറായി ശ്രീ.റിയാസ് പി.ടി യെ തെരഞ്ഞെടുക്കുകയും, മസ്റ്ററോളിന്റെ അടിസ്ഥാനത്തിൽ ടിയാന് വേതനം (715 രൂപ /Day) നൽകുകയും ചെയ്യുന്നുണ്ട്. എന്നാൽ മേൽ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പകർച്ച വ്യാധി നിയന്ത്രണം എന്ന പദ്ധതിയിലും ടിയാന് വേതനം (700 രൂപ /Day) നൽകിയതായി കാണുന്നു. അതായത് ഒരേ ദിവസം വ്യത്യസ്ത പദ്ധതികളിൽ രണ്ട് വേതനം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | പദ്ധതിയുടെ പേര് | ദിവസ വേതനം | പദ്ധതിയുടെ പേര് | ദിവസ വേതനം |
|---|---|---|---|---|
| 16/04/21 | പാലിയേറ്റീവ് കെയർ | 715 | പകർച്ച വ്യാധി നിയന്ത്രണം | 700 |
| 30/04/21 | | 715 | | 700 |
| 2/11/21 | | 715 | | 700 |
| 6/11/21 | | 715 | | 700 |
| 10/11/21 | | 715 | | 700 |

| | | | | |
|---|---|---|---|---|
| 17/11/21 | | 715 | | 700 |
| | | 4290/- | | 4200/- |

ഒരേ വ്യക്തിക്ക് ഒരേ ദിവസം വ്യത്യസ്ത പദ്ധതികളിൽ രണ്ട് വേതനം നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനും, മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (/2021-22/31.10.22) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വേതനം അധികം നൽകിയതിന് സാധൂകരിക്കുന്ന രേഖകളുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പകർച്ച വ്യാധി നിയന്ത്രണം പദ്ധതിയിൽ അധികം നൽകിയ 4200/-രൂപ നിരാകരിക്കുന്നു. ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

3-2 കൃഷിഭവൻ നവീകരണം - പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിയ്ക്കുള്ള പെയിൻ്റിംഗ് ഇനം -അധിക ചെലവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ കൃഷിഭവൻ നവീകരണം പദ്ധതിയിൽ കൃഷിഭവൻ ഗോഡൗണിന്റെ വലുപ്പം കൂട്ടലിനും, തറ ടൈലിംഗ്, മറ്റു സംരക്ഷണപ്രവൃത്തികളുമാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ നിർവ്വഹണ സമയം ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന എം.എസ്.ഗ്രിൽ, അലുമിനിയം പാർട്ടീഷൻ എന്നിവ ഇപ്പോൾ ചെയ്യേണ്ടയെന്ന് തീരുമാനിക്കുകയും പകരം ഗോഡൗണിന്റേയും, ഹാളിന്റേയും പെയിൻ്റിഗ് മുഴുവനായി ചെയ്യുന്നതിന് എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്തു. എന്നാൽ നിലവിലുള്ള ഭിത്തികളുടെ പെയിൻ്റിംഗ് പ്രവൃത്തിക്ക് പുതുക്കിയ എസ്റ്റിമേറ്റിൽ യഥാർത്ഥയിനം ഉൾപ്പെടുത്താതെ പുതിയ നിർമ്മിതികൾക്കു മേലുള്ള പെയിൻ്റിംഗ് ഇനത്തിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്തതിനാൽ അധിക തുക കരാറുകാരന് ലഭിക്കുന്ന സ്ഥിതിയുണ്ടായി.

ആദ്യ എസ്റ്റിമേറ്റിൽ പുതുതായി നിർമ്മിക്കുന്ന ചുമരുകളുടെ പെയിൻ്റിംഗിനായി ഐറ്റം 16 ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DARലെ 13.60.1എന്ന ഇനമാണ്. ഇത് പുതിയ നിർമ്മിതിയിൽ രണ്ടോ അതിൽ കൂടുതൽ കോട്ട് പെയിൻ്റ് ചെയ്യുന്നതിനുള്ളതാണ്. ഇതേയിനം ഉപയോഗപ്പെടുത്തിയാണ് പ്രോജക്ടിൽ നിലവിലുണ്ടായിരുന്ന ചുമരിൽ പെയിൻ്റിംഗ് നടത്തിയത്. നിലവിലുള്ള ചുമരിൽ വലിയ അളവിൽ പെയിൻ്റ് ഉപയോഗപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. DAR ലെ അദ്ധ്യായം 14ൽ റിപ്പയർ പ്രവൃത്തികൾക്ക് നൽകേണ്ട മേൽ പെയിൻ്റ് ഉപയോഗിച്ച് ചെയ്യുന്ന ഐറ്റം 14.53.1 ആണ്. താരതമ്യേന കുറഞ്ഞ നിരക്ക് വരുന്ന ഈയിനം ഉൾപ്പെടുത്താത്തതിനാൽ പഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്.

പഴയ നിർമ്മിതിയുടെ പെയിൻ്റിംഗിന് പുതിയ നിർമ്മിതിയുടെ ഐറ്റം നൽകി പ്രവൃത്തി നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ വിവരിച്ച വിധം തെറ്റായ ഇനം ഉൾപ്പെടുത്തിയതിനാൽ താഴെ ചേർക്കും വിധം അധിക ചെലവ് പഞ്ചായത്തിനുണ്ടായിട്ടുണ്ട്.

| 13.60.1 പ്രകാരം നൽകിയത്(കോസ്റ്റ് ഇൻഡക്സ് 31.06%) | 14.53.1 പ്രകാരം നൽകാവുന്നത് |
|---|---|
| M Book 154/20-21, Page 14<br>213.1 X110.68 =23585.908<br>(-)15.5% കുറവ് =<br>23585.908-3655.816=19930.092 | 213.1 X72.41 =15430.571<br>(-)15.5% കുറവ് =<br>15430.571-2391.831=13038.74 |

| |
|---|
| അധികം നൽകിയത് = 6891.35 |

പെയിന്റിംഗ് പ്രവൃത്തിയ്ക്ക് മേൽ വിധം അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-3 പഞ്ചായത്ത് ഹാളിലേക്ക് കസേര വാങ്ങൽ പദ്ധതി ടെണ്ടർ നടപടികളിലെ അപാകതകൾ-അധിക ചെലവിനിടയാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പദ്ധതി - എസ്.ഒ 100/2021-22

ചെലവ് - 200000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ നമ്പർ,തിയ്യതി - 225194/21-22/26.3.22)

പഞ്ചായത്ത് ഹാളിലേക്ക് കസേരകൾ വാങ്ങുന്നതിനായി പദ്ധതി നടപ്പിലാക്കിയത് . പദ്ധതി പ്രകാരം ജെം പോർട്ടലിൽ നിന്ന് ഫർണിച്ചറുകൾ വാങ്ങാൻ ആയിരുന്ന തീരുമാനം . എന്നാൽ ജെം പോർട്ടലിൽ കസേരകളുടെ ഐറ്റം സെലക്ട് ചെയ്യാൻ സാധിക്കുന്നില്ല എന്ന കാരണത്താൽ പ്രോക്യയർ മെന്റ് കമ്മററി 17.2.22 ലെ 2/22 നമ്പർ തീരുമാന പ്രകാരം ടെണ്ടർ നടപടികളിലൂടെ ഫർണിച്ചർ വാങ്ങിക്കാമെന്ന് തീരുമാന മെടുത്തതിന്റെ അടിസ്ഥാനത്തിൽ 4.3.22 ന് ടെണ്ടർ നടപടികളീലൂടെ പദ്ധതി നടപ്പിലാക്കി. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാങ്ങേണ്ട ഫർണിച്ചറുകളുടെ സ്പെസിഫിക്കേഷൻ വ്യക്തമാക്കാതെ ടെണ്ടർ ക്ഷണിച്ചു .

24.2.22 ന് നൽകിയ ടെണ്ടർ പരസ്യം Armed Chair, Armed Chair(vip Type), Armed Chair (Big Size)Armless Chair എന്നിവ ലഭ്യമാക്കുന്നതിനായിരുന്നു . എന്നാൽ പരസ്യത്തിൽ ലഭിയ്ക്കേണ്ട കസേരകളുടെ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിരുന്നില്ല. ,ഏഷ്യൻ മാർക്കറ്റിങ്ങ് , ഫിഡ്കോ, ഹെഡ്കോ, ആസിൻ ഡിസൈൻ ആന്റ് ഇൻറീരിയർ ,റാണി മെറ്റൽസ് , ബേസിക്ക് പന്തൽ വർക്കസ് ഫറോക്ക് എന്നിങ്ങനെ 6 സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തു. ആറ് സ്ഥാപനങ്ങളും വ്യത്യസ്ഥ സ്പെസ്ഫിക്കേഷനിലുള്ള കസേരകൾക്കാണ് നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനങ്ങളുടെ നിരക്കുകൾ പരിശോധിക്കുന്നതിന് കംപാരറ്റീവ് സ്റ്റേറ്റ് മെന്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും വ്യത്യസ്ഥ തരത്തിലുള്ള സാധനങ്ങളാകയാൽ പൊരുത്തപ്പെടുത്തൽ സാധ്യമല്ല. 28.2.22 (10/22 നമ്പർ) ന ചേർന്ന പ്രോക്യർമെന്റ് കമ്മറ്റി സാമ്പിളുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 9.3.22 ലെ 40ാം നമ്പർ തീരുമാനപ്രകാരം ബേസിക്ക് പന്തൽ വർക്കസ് ഫറോക്ക് എന്ന സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. താരതമ്യേന മറ്റുസ്ഥാപനങ്ങൾ ക്വോട്ട് ചെയ്ത നിരക്കിനേക്കാൾ കൂടുതലാണ് ഈ സ്ഥാപനം ക്വോട്ട് ചെയ്ത നിര്ക്ക്. ഫലത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചതുകൊണ്ടുള്ള പ്രയോജനം പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

2.ടെണ്ടറിൽ ക്വോട്ട് ചെയ്ത നിരക്കിൽ ഫർണിച്ചറുകൾ സപ്ലൈചെയ്യാത്തിനാൽ നഷ്ടം .

ആറ് സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തതിൽ ബേസിക്ക് പന്തൽ വർക്കസ് ഫറോക്ക് എന്ന സ്ഥാപനത്തിൽ നിന്ന് കസേരകൾ വാങ്ങുന്നതിനാണ് പ്രൊക്യർമെന്റ് കമ്മറ്റി തീരുമാനിച്ചിട്ടുള്ളത് എന്നാൽ ബേസിക്ക് പന്തൽ വർക്കസ് ഫറോക്ക് എന്ന സ്ഥാപനം 14.3.22 ലെ B2B07 നമ്പർ ഇൻവോയ്സ് പ്രകാരം സപ്ലൈ ചെയ്തിട്ടുള്ള ഫർണിച്ചറുകൾ ടെണ്ടറിൽ ക്വോട്ട് ചെയ്തിട്ടുള്ള നിരക്കിലും സ്പെസിഫിക്കേഷനിലുമുള്ളതല്ല ആയതിനാൽ ഗ്രാമ പഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്വോട്ട് ചെയ്ത ഇനം | ക്വോട്ട് ചെയ്ത വില | ബിൽ പ്രകാരം ഈടാക്കിയ തുക | അധികം നൽകിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| Arm Chair | 850 X35 =29750 | 1151X35 =40285 | 40285-29750 =10535 |
| Arm Chair VIP | 1150X 15 =17250 | 1350X15 = 20250 | 20250-17250 =3000 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/21-22 31.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഫർണിച്ചറുകൾക്ക് അധികം നൽകിയ 13535 രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 25.10.2022, 26.10.2022 | ഈ റിപ്പോർട്ടിന്റെ ഭാഗമായി പുറപ്പെടുവിച്ചു |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2021-22 | 600000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 600000 | 0 |
| | 2021-22 | 225000 | പശുഗ്രാമം | 225000 | 0 |
| | 2021-22 | 248000 | ലൈഫ് ഭവനനിർമ്മാണ പദ്ധതി (എസ്.സി) | 248000 | 0 |
| | 2021-22 | 30000 | നെൽകൃഷിക്ക് കൂലിച്ചെലവ് | 30000 | 0 |
| | 2021-22 | 186644 | പാലിന് സബ്സിഡി | 186644 | 0 |
| | ആകെ | 1289644 | | 1289644 | 0 |
| കുന്ദമംഗലം | 2021-22 | 600000 | ഭിന്നശേഷി | 600000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | |
| | 2021-22 | 88000 | ലൈഫ് ഭവനനിർമ്മാണ പദ്ധതി (ജനറൽ) | 880000 | 0 |
| | 2021-22 | 300000 | ലൈഫ് ഭവനനിർമ്മാണ പദ്ധതി (എസ്.സി) | 300000 | 0 |
| | 2021-22 | 25000 | നെൽകൃഷിക്ക് കൂലിച്ചെലവ് | 25000 | 0 |
| | 2021-22 | 25000 | പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് | 25000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 300000 | പാലിന് സബ്സിഡി | 300000 | 0 |
| | 2021-22 | 511189 | എഫ്.എച്ച്.സി യിൽ ലാബ് കെട്ടിടം | 511189 | 0 |
| | 2021-22 | 694346 | ബഡ്സ് സ്കൂൾ ഒന്നാം നില പൂർത്തീകരണം | 694346 | 0 |
| | 2021-22 | 349398 | മുതിർന്ന പൌരൻമാർക്ക് കട്ടിൽ (ജനറൽ) | 349398 | 0 |
| | 2021-22 | 300000 | അത്തുളിത്താഴം അങ്കണവാടിക്ക് സ്ഥലമെടുപ്പ് | 0 | 300000 |
| | ആകെ | 3684933 | | 3684933 | 300000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പുതുതായി ലൈൻ | 2021-22 | 41937 | .. | 41937 |

| | | | | | |
|---|---|---|---|---|---|
| | വലിച്ച പ്രദേശത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (പ്രൊ. 103/21-22) | 173/15.01.22, 174/15.01.22 | | | |
| പൊ.മ.വ (ഇലക്ട്രിക്കൽ) | തെക്കെ വള്ളിക്കുന്ന് കുടിവെള്ള പദ്ധതി മോട്ടോർ മാറ്റൽ (പ്രൊ. 105/21-22) | 0103012 / 27.03.22 | 288450 | -- | 288450 |
| പൊ.മ.വ (ഇലക്ട്രിക്കൽ) | ഓഫീസ് ഘടകസ്ഥാപനം ഇലക്ട്രിഫിക്കേഷൻ (പ്രൊ. 212/21-22) | 367/22.03.22 | 170670 | -- | 170670 |
| പൊ.മ.വ (ഇലക്ട്രിക്കൽ) | ഓഫീസ് ഘടകസ്ഥാപനം ഇലക്ട്രിഫിക്കേഷൻ (പ്രൊ. 213/21-22) | 367/22.03.22 | 151000 | -- | 151000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| ക്രമ നം: | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം /ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| - ഇല്ല - | | | | | | |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി 2018-19 | സ.ഉ (സാധാ) നം. 68/2018 തീ. 18/05/2018 | 8083728 | 6529061 | 1217333 | | 5311728 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | - ഇല്ല - |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-6 | 2005-06 | 2.70.1.5.3 | നിക്ഷേപ വേലകൾ | |
| 2002-03 | 3-12 | 2005-06 | 2.70.1.8.4 | കുടിവെള്ള പദ്ധതി | |
| 2003-04 | 3-3 | 2006-07 | 3.79.6.4 | മണൽ വില്പന | |
| 2003-04 | 3-4 | 2006-07 | 3.79.10.3 | കുടിവെള്ള പദ്ധതികൾ | |
| 2003-04 | 2-1 | 2006-07 | 3.79.1 | തനത് വരവ് കാലഹരണം | |
| 2003-04 | 3-6 | 2006-07 | 3.79.19 | പൊതു മരാമത്ത് പണികൾ | |
| 2014-15 | 2-3 | 2016-17 | 4.2.8 അനുബന്ധം 4 | തൊഴിൽ നികുതി | |
| 2015-16 | 2-6 | 2016-17 | അനുബന്ധം 5 | | |
| | | 2014-15 | 4.2.8 | റിവർ മാനേജ്മെന്റ് ഫണ്ട് | |
| | | 2014-15 | 4.2.5 | മണൽ വില്പന | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| റിപ്പോർട്ട് | ഖണ്ഡിക | ഉത്തരവാദിയുടെ | തുക | തുക | റിമാർക്സ് |
|---|---|---|---|---|---|

| വർഷം | നം | പേര് | | അടവാക്കിയതിന്റെ വിവരം | |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 107103933 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 86256004 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 24626 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1412839 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - ഇല്ല - | 4200 | ഡോ: രേഖ . ആർ മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| 3-2 | - ഇല്ല - | 6891 | ശ്രീമതി ദിവ്യ എ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | - ഇല്ല - | 13535 | ശ്രീമതി രാധിക.എൻ.ആർ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1 – 14 | 89250 | ശ്രീമതി ജിഷ സി.ടി, അസിസ്റ്റന്റ് സെക്രട്ടറി |
| 1 – 16 | 182520 | ശ്രീമതി ജിഷ സി.ടി, അസിസ്റ്റന്റ് സെക്രട്ടറി |

| | | |
|---|---|---|
| 1 – 17 | 143075 | ശ്രീമതി രാധിക എൻ.ആർ, സെക്രട്ടറി |
| 1 – 26 | 89490 | ,ഡോ: സ്മിത മോൾ, വെറ്ററിനറി സർജൻ |
| 1 – 27 | 606120 | ശ്രീമതി രാധിക എൻ.ആർ, സെക്രട്ടറി |
| 1 – 28 | 180000 | ഡോ: രേഖ . ആർ, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| 1 – 29 | 122384 | ഡോ: ഷെറിൻ.ടി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 1412839 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല –

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രാധിക എൻ.ആർ, സെക്രട്ടറി | സെക്രട്ടറി, പെരുമണ്ണ ഗ്രാമപഞ്ചായത്ത് | നിരാമയം, വാളേരി പറമ്പ്, മേരിക്കുന്ന്, പി.ഒ വാപ്പോളിത്താഴം |
| ശ്രീമതി ജിഷ സി.ടി അസിസ്റ്റന്റ് സെക്രട്ടറി. | അസിസ്റ്റന്റ് സെക്രട്ടറി. ചാത്തമംഗലം ഗ്രാമപഞ്ചായത്ത് | രാഘവം, ചെറുകണ്ടിയിൽ ഹൌസ്, ചാത്തമംഗലം പി.ഒ |
| ശ്രീമതി ദിവ്യ എ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പെരുമണ്ണ ഗ്രാമപഞ്ചായത്ത് | ഹേമശ്രീ, അരീക്കാട് പി.ഒ, കോഴിക്കോട് |
| ഡോ: രേഖ . ആർ മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി പെരുമണ്ണ | Ist ഫ്ലോർ, റോയൽ അവന്യൂ അപ്പാർട്ട്മെന്റ് ചാലപ്പുറം, കോഴിക്കോട് |
| ഡോ: ഷെറിൻ.ടി മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി പെരുമണ്ണ | ആയിഷാന, മായനാട് പി.ഒ, കോഴിക്കോട് |
| ,ഡോ: സ്മിത മോൾ വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ വെറ്ററിനറി ഡിസ്പെൻസറി, | ഗൌരി ഗായത്രി, കോട്ടൂളി ക്രോസ് റോഡ്, |

| | | |
|---|---|---|
| | പെരുമണ്ണ | കതിരവട്ടം.പി.ഒ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി1/316 /2021(1)/24/2/2021 | 1 | 3-3 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി1/316 /2021(2)/25/2/2021 | 1 | 2-1, 3-3, 3-4, 3-6 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി1/316 /2021(3)/25/2/2021 | 1 | 3-14 എ |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി1/316 /2021(4)/25/2/2021 | 3 | 2-8,3-5,3-8 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി1/316 /2021(5)/25/2/2021 | 2 | 2-4,3-3 |
| 2009-10 | കെ.എസ്.എ .കെ.കെ.ഡി.പി1/316 /2021(6)/25/2/2021 | 10 | 3-1,3-2(1), 3-2(2) 3-5,3-7,3-9,3-11, 3-12, 3-15, 3-17 |
| 2010-11, 11-12 | കെ.എസ്.എ.കെ.കെ.ഡി.പി1/316 /2021(7)/27/3/2021 | 1 | 3-2 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി1/316 /2021(8)/27/3/2021 | 7 | 2-1(ബി), സി, 3-1, 3-2, 3-3, 3-10 , 4-1(1) ,4-1(2) |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി1/316 /2021(9)/24/3/2021 | 12 | 2-2(2), 2-3, 2-4, 3-2(1), 3-2 (2), 3-2(3),3-4(1) മുതൽ 3-4(4) വരെ, 3-4(8) 3-4(10),3-7, 3-8, 3-11, 3-12 |

| | | | |
|---|---|---|---|
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി1/316 /2021(10)/27/3/2021 | 7 | 2-6,2-8,3-3,3-5, 3-8,3-11(2), 3-13 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി1/316 /2021(11) /27/3/2021 | 27 | 2-1,2-2,2-3(2),2-3(3),2-3(4),,2-4(1), 2-4(2),2-4(3), 2-5(1), 2-5(3), 2-5(4),2-6,2-7,2-8,3-1,3-3,3-4,3-5(1), 3-7,3-8-12, 3-15,3-17(2),3-17(3) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി1/316 /2021(12)/ 12/12/2021 | 12 | 1-12, 2-1(2,3), 2-2(1,2,3,4) 2-1, 2-3, 3-2, 3-3, 3-5, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-16, 3-17(1,2,3),4-1, 4-2, 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി1/875 /2020/ 21/10/2020 | 20 | 1-12,1-13,1-14,1-15,1-17,1-18,1-19,1-20, 1-22,1-23,1-24(A,B,C),1-25,1-26, 1-27,1-29,1-30, 1-31, 1-32,1-33,4-11 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി1/377 /2022/ 21.04.2022 | 16 | 1-3, 1-4, 1-5, 1-6, 1-7, 1-9(1), 1-11, 1-12, 1-13, 1-14, 1-21, 2-1,2-3,4-8,4-10,4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി1/373 /2022/ 05.05.2022 | 15 | 1-1, 1-2(എ), 1-9,1-11,1-13,1-14,1-16,1-17(1), 1-18, 1-19, 1-23, 1-25,1-26, 1-27,1-30 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്